Vol No.29 No.11 November 2021 കെസിബിസി മീഡിയ Rs.5.00

വത്തിക്കാൻ

# തരംഗം



കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി
കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ
ബിനോയ് വിശ്വം, ഡോ. ജേക്കബ്ബ് പ്രസാദ്
ഡോ. ലോറൻസ് തൈക്കാട്ടിൽ
ബ്രദർ തോമസ് പോൾ കൊടിയൻ,
അഗസ്റ്റിൻ കണിപ്പിള്ളി
എന്നിവർ ഈ ലക്കത്തിൽ എഴുതുന്നു

സിനഡാലിറ്റി എന്ന
സഹഗമനം
വിശദമായ പഠനം ഈ ലക്കത്തിൽ

## ഭാരതം ഫ്രാൻസിസ് പാപ്പയെ വരവേൽക്കുമ്പോൾ

# KCBC MEDIA COMMISSION





## കെസിബിസി മീഡിയ കമ്മീഷന്റെ നവീകരിച്ച ഓഫീസ് കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ.ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി ഉദ്ഘാടനം ചെയ്തു.



ICON MEDIA ONLINE









KCBC NEWS
www.kcbcnews.com

# വത്തിക്കാൻ തരംഗം

**VATHIKAN THARANGAM**

November-2021
RN. 55 178/94 Monthly

പുസ്തകം- 29 ലക്കം-11

## ഉള്ളടക്കം

- എഡിറ്റോറിയൽ 4
- ചരിത്രപരമായ തീരുമാനം 6
- മതസൗഹാർദ്ദത്തിനും...6
- നവമാധ്യമസംസ്കാരത്തിന്...7
- മാർപാപ്പമാരും ഇന്ത്യയും 7
- ഭാരതം ഫ്രാൻസിസ് പാപ്പയെ വരവേൽക്കുമ്പോൾ 8
- സിനഡാത്മകതയെ സംബന്ധിച്ച സിനഡ് 10
- സുവിശേഷവത്ക്കരണത്തിന്റെ...16
- വിശുദ്ധർ 18
- ദേവസഹായം പിള്ള വിശുദ്ധരുടെ ഗണത്തിലേക്ക് 20
- വത്തിക്കാൻ വാർത്തകൾ 23
- കെ.സി.ബി.സി മീഡിയ ന്യൂസ് 26
- വാർത്തയും ചിന്തയും 30

മുഖ്യരക്ഷാധികാരി ◆ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി
രക്ഷാധികാരികൾ ◆ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
◆ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്
ചീഫ് എഡിറ്റർ ◆ഡോ. എബ്രാഹം ഇരിമ്പിനിക്കൽ
എഡിറ്റർ ◆ആന്റണി ചടയംമുറി
പത്രാധിപസമിതി
◆ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി ◆ഡോ. ജേക്കബ്ബ് പ്രസാദ്
◆ഡോ. ജോളി കരിമ്പിൽ ◆ബ്രദർ തോമസ് പോൾ കൊടിയൻ
ലേ ഔട്ട് & ഡിസൈൻ ◆മനു ആന്റണി

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656



# ഫ്രാൻസിസ് പാപ്പയ്ക്ക് സ്വാഗതം

കരുണയുടെ അപ്പോസ്തലനു വേണ്ടിയുള്ള കാത്തിരിപ്പിലാണ് ഇനി നാം. മതാന്തര സംവാദങ്ങളിൽ സ്നേഹപാതകൾ തീർത്ത ഫ്രാൻസിസ് അസീസിയുടെ നാമധാരിയായ പത്രോസിന്റെ പിൻഗാമി, വെറുപ്പിന്റെ പാതയിൽ നിന്ന് വഴിമാറി നടക്കാൻ ലോകത്തെ ആഹ്വാനം ചെയ്യുന്ന ധീരതയുടെശബ്ദം.

1936 ഡിസംബർ 17 ന് അർജന്റീനയിലെ ബ്യൂണസ് അയേഴ്സിൽ ജനിക്കുകയും 2013 മാർച്ച് 13ന് ഫ്രാൻസിസ് പാപ്പയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്ത കരുണയുടെ മഹാഇടയൻ എല്ലാ അജപാലന സന്ദർശനവേളയിലും വിശ്വസാഹോദര്യത്തിന്റെ നൂതന സരണികൾ ലോകത്തിന്റെ മുമ്പിൽ അനാവരണം ചെയ്യാറുണ്ട്.

ലോകത്തിലെ തന്നെ ഏറ്റവും സമ്പന്നമായ രാജ്യമായ അമേരിക്കയോട് നിങ്ങളും അഭയാർത്ഥികളായിരുന്നു എന്നു വിളിച്ചു പറയാൻ ഫ്രാൻസിസ് പാപ്പയ്ക്കേ കഴിയൂ. ഹൃദയലാളിത്യത്തിൽ അലിഞ്ഞ സ്നേഹാർദ്രമായ ഓർമ്മപ്പെടുത്തലായി അമേരിക്കൻ ജനത ആ വാക്കുകൾ ശ്രവിച്ചു. അന്തർദേശീയ തലത്തിൽ രാഷ്ട്രങ്ങൾ തമ്മിലുള്ള മുറിവുകളുണക്കാൻ ഫ്രാൻസിസ് പാപ്പ ഇടപെട്ട നിരവധി സന്ദർഭങ്ങളുണ്ട്. അമേരിക്കയും ക്യൂബയുമായുള്ള നയതന്ത്ര ബന്ധങ്ങൾ പുന:സ്ഥാപിക്കാൻ പാപ്പയുടെ വാക്കുകൾ പ്രേരണയായെന്ന് ഇരു രാജ്യങ്ങളും പിന്നീട് ഏറ്റുപറയുകയുണ്ടായി.

അജപാലന സന്ദർശനത്തിനു പോലും ജീവിത സാക്ഷ്യം നൽകാൻ ഫ്രാൻസിസ് പാപ്പ എപ്പോഴും ശ്രദ്ധിക്കാറുണ്ട്. ഗ്രീസിലേക്കുള്ള യാത്ര കഴിഞ്ഞ്, പാപ്പ മടങ്ങുമ്പോൾ ഒപ്പം കൂട്ടിയത് മൂന്ന് കുടുംബങ്ങളിലെ പന്ത്രണ്ട് അഭയാർത്ഥികളെയായിരുന്നുവെന്ന് ഓർമ്മിക്കണം.

അനുഷ്ഠാനങ്ങൾക്ക് മാനുഷിക മുഖം നൽകാൻ ഫ്രാൻസിസ് പാപ്പ ശ്രമിക്കുന്നതിനും ലോകം സാക്ഷ്യം വഹിച്ചു. പെസഹാ വ്യാഴാഴ്ചയിലെ കാൽകഴുകൽ കർമ്മം ജയിലിലും ആശുപത്രിയിലും ചേരികളിലുമായി നിർവഹിച്ചത്

അന്നേ മാധ്യമ വാർത്തയായിരുന്നു.

ദരിദ്രരോട് പക്ഷം ചേരുന്ന അസീസിയൻ ആത്മീയ ശൈലിയുടെ അനുരണനങ്ങൾ അന്നേ ലോകം ജോർജ് ബർഗോളിയോ എന്ന ആത്മീയ പിതാവിൽ കണ്ടു തുടങ്ങിയിരുന്നുവെന്നതാണ് യാഥാർത്ഥ്യം. ഈ മാറ്റമാകട്ടെ, രണ്ടാം വത്തിക്കാൻ കൗൺസിൽ പാപ്പാസ്ഥാനത്തിനായി വരച്ചിട്ട ചമയമാറ്റത്തെതന്നെയാണ് സൂചിപ്പിച്ചത്. പാപ്പാ സ്ഥാനം പ്രബോധന രൂപത്തിൽ നിന്ന് **(Teaching Magisterium)** അജപാലനപരമായ ഭാവത്തിലേക്ക് **(Pastoral Magisterium)** രൂപാന്തരപ്പെടുത്തണമെന്ന് കൗൺസിൽ ആഗ്രഹിച്ചിരുന്നു. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയാകട്ടെ ആ പ്രതിരൂപം സ്വന്തം ജീവിതത്തിൽ പകർത്താൻ ശ്രമിക്കുകയുണ്ടായി.

സംഘർഷം നിറഞ്ഞ ഇറാഖിലേക്കും, മ്യാൻമാറിലേക്കുമെല്ലാമുള്ള ഫ്രാൻസിസ് പാപ്പയുടെ അജപാലന സന്ദർശനങ്ങൾ ഏറെ വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. ഭരണകൂടങ്ങളുടെ കാർക്കശ്യങ്ങൾ പോലും ഫ്രാൻസിസ് പാപ്പയുടെ പുഞ്ചിരിക്കുന്ന മുഖം അലിയിച്ചു കളയുന്നതും ലോകം കണ്ടു. മെത്രാന്മാരെ അഭിഷേകം ചെയ്യാനുള്ള അധികാരം ചൈനീസ് സർക്കാരിൽ നിന്ന് നയതന്ത്ര തലത്തിലുള്ള ഇടപെടലുകൾ വഴി സഭയ്ക്ക് സ്വായത്തമാക്കാൻ കഴിഞ്ഞത് ഫ്രാൻസിസ് പാപ്പയുടെ സൗമ്യമാർന്ന രാജ്യാന്തര ഇടപെടലുകളെ സൂചിപ്പിക്കുന്നതായി.

ഫ്രാൻസിസ് അസീസിയുടെ പ്രപഞ്ച ദർശനം ഉൾക്കൊണ്ട് പരിസ്ഥിതിയോടുള്ള കരുതൽ ഫ്രാൻസിസ് പാപ്പ എപ്പോഴും തന്റെ പ്രബോധനങ്ങളിൽ നിറയ്ക്കുന്നു. 'ലൗദാതോസി' എന്ന ചാക്രികലേഖനത്തിൽ തന്നെ ഭൂമിയെ പൊതു ഭവനമായി കണ്ട് പരിപാലിക്കണമെന്ന് പാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട്. മനുഷ്യ വ്യക്തിയുടെ ആദ്ധ്യാത്മിക നന്മയും പുരോഗതിയുമാണ് **(salus populi)** ഫ്രാൻസിസ് പാപ്പയുടെ അജപാലന ശുശ്രൂഷയുടെ അടിസ്ഥാനം. പൂർണരായ വ്യക്തികൾക്കു മാത്രമല്ല, അപൂർണരെയും വീണവരെയും ദുർബലരെയും ചേർത്തുപിടിക്കുന്ന യേശുവിന്റെ ഇടയ ഹൃദയത്തോടു ചേർന്നുനിൽക്കാൻ ആഗോള കത്തോലിക്കാസഭയുടെ തലവൻ പരിശ്രമിക്കുന്നു. ഈ നിർവചന പരിണാമങ്ങൾക്കു മധ്യേയാണ് ഫ്രാൻസിസ് പാപ്പ ഭാരതം സന്ദർശിക്കാനൊരുങ്ങുന്നത്. നമ്മുടെ രാജ്യത്തിന്റെ ആധ്യാത്മിക പൈതൃകം തിരിച്ചറിഞ്ഞ ഈ മഹാഇടയന് ഹൃദയപൂർവം നമുക്ക് സ്വാഗതമോതാം

**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ





# ചരിത്രപരമായ തീരുമാനം: കർദിനാൾ മാർ ജോർജ് ആലഞ്ചേരി



വത്തിക്കാനിൽവച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുമായുള്ള കൂടിക്കാഴ്ചവേളയിൽ പാപ്പായെ ഇന്ത്യ സന്ദർശിക്കുവാൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ക്ഷണിച്ചത് അഭിനന്ദനാർഹമാണ്. ലോകം ഉറ്റുനോക്കുന്ന ധാർമികതയുടെയും മാനവികതയുടെയും ശബ്ദമായ ഫ്രാൻസിസ് പാപ്പായ്ക്ക് സ്വാഗതമോതുവാനുള്ള തീരുമാനം ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യയുടെ യശസ്സ് ഉയർത്തും. വത്തിക്കാനും ഭാരതവും തമ്മിലുള്ള നയതന്ത്ര ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിനും ഭാരതത്തിലെ ഇതരമതങ്ങളും ക്രൈസ്തവസഭകളും തമ്മിലുള്ള ബന്ധങ്ങൾ പരിപോഷിപ്പിക്കുന്നതിനും മാർപാപ്പായുടെ സന്ദർശനം ഉപകരിക്കും. ഭാരതീയർക്കെല്ലാം, വിശിഷ്യാ ക്രൈസ്തവർക്ക്, ഏറെ ആഹ്ലാദ പ്രദമാണ് പ്രധാനമന്ത്രിയുടെ ഈ ക്ഷണം. മാർപാപ്പ യഥാസമയം ഭാരതം സന്ദർശിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ബഹുസ്വരസമൂഹമായ ഭാരതത്തിൽ സാഹോദര്യവും സഹവർത്തിത്വവും പരിപോഷിപ്പിക്കാൻ മാർപാപ്പായുടെ സന്ദർശനം വഴിയൊരുക്കും. പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിക്ക് കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ഹൃദയപൂർവ്വകമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

# മതസൗഹാർദ്ദത്തിനു ചൈതന്യം പകരും: കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവ



മതസൗഹാർദ്ദത്തിനും സമഭാവനയ്ക്കുമുള്ള പരിശ്രമങ്ങൾക്ക് ഫ്രാൻസിസ് മാർ പാപ്പയുടെ ഭാരതസന്ദർശനം ചൈതന്യം പകരുമെന്ന് പ്രത്യാശിക്കുന്നു.

പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രാൻസിസ് പാപ്പയുമായി നടത്തിയ കൂടിക്കാഴ്ച രാജ്യത്തേയും സംസ്ഥാനത്തെയും ക്രൈസ്തവ സമൂഹത്തിനും പൊതുസമൂഹത്തിനും ഏറെ പ്രതീക്ഷ നൽകുന്നതായി. നല്ല മനസ്സുള്ള എല്ലാവർക്കും നല്ല ചിന്തകൾ നല്കുന്ന കൂടിക്കാഴ്ചയായിരുന്നു ഇത്. ഈ കൂടിക്കാഴ്ച ലോകരാഷ്ട്രങ്ങൾക്കും ഇന്ത്യയ്ക്കും ഏറെ ഗുണകരമാകും.


രാഷ്ട്ര നേതാക്കൾ തമ്മിലുള്ളത് എന്നതിനപ്പുറം പ്രധാന്യമുള്ളതാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫ്രാൻസിസ് മാർപാപ്പയും തമ്മിൽ വത്തിക്കാനിൽ നടന്ന കൂടിക്കാഴ്ച. പുരാതന സംസ്കാരത്തിന്റെ പ്രതിനിധിയും ലോകസമാധാനത്തിന്റെ പ്രതിനിധിയും തമ്മിലുള്ളതായിരുന്നു ആ കൂടിക്കാഴ്ച. മനുഷ്യ സഹോദര്യം വർദ്ധിപ്പിക്കാനുള്ള ചിന്തകളും സമീപന രീതിയുമാണ് ഈ കൂടിക്കാഴ്ചയിലൂടെ മുന്നോട്ടുവെയ്ക്കപ്പെട്ടത്. നിർധനരോടുള്ള പരിഗണനയെന്നത് ഫ്രാൻസിസ് പാപ്പ എപ്പോഴും എടുത്തു പറയുന്നതാണ്. വികസന താല്പര്യത്തോടെ മുന്നോട്ടുപോകുന്ന ഇന്ത്യയിൽ ദരിദ്രരുടെ ശബ്ദം അവഗണിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കേണ്ടത് പ്രധാനവുമാണ്.

# നവമാധ്യമസംസ്കാരത്തിന് മാതൃകയാകട്ടെ



**ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി**
ചെയർമാൻ. കെ.സി.ബി.സി മീഡിയ കമ്മീഷൻ

യഥാർത്ഥമായ മനുഷ്യത്വം നമ്മുടെ സാങ്കേതിക വിദ്യപരമായ നവസംസ്ക്കാരം കൂടുതൽ വികസിതമാകുന്നതോടെ തമസ്ക്കരിക്കപ്പെടരുതെന്ന് ഫ്രാൻസിസ് പാപ്പ നിരന്തരം ആഹ്വാനം ചെയ്യുന്നു. വത്തിക്കാൻ തരംഗത്തിന്റെ ഡിജിറ്റൽ പതിപ്പ് വ്യക്തികളുടെയും സമൂഹത്തിന്റെയും പൊതുനന്മയ്ക്കുവേണ്ടി കൂടുതൽ ഗുണപ്രദവും ഫലപ്രദവുമായ മാധ്യമസംസ്ക്കാരത്തിന്റെ നവീകൃതരൂപങ്ങൾക്ക് മാതൃകയായി മാറട്ടെയെന്ന് പ്രാർത്ഥിക്കുന്നു; ആശംസിക്കുന്നു.





# *മാർപാപ്പമാരും ഇന്ത്യയും*

1955 ജൂലൈ 8 നാണ് ആദ്യമായി ഇന്ത്യയുടെ പ്രധാനമന്ത്രി വത്തിക്കാനിലെത്തി മാർപ ാപ്പയെ സന്ദർശിച്ചത്. അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു. പിയൂ സ് പന്ത്രണ്ടാമനായിരുന്നു അന്നത്തെ മാർപാപ്പ.

. പിന്നീട് 26 വർഷങ്ങൾക്കുശേഷം 1981 നവംബർ 9 ന് പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാ ഗാന്ധി വത്തിക്കാനിലെത്തി അന്ന് മാർപാപ്പയായിരുന്ന വിശുദ്ധ ജോൺ പോൾ രണ്ടാ മനെ സന്ദർശിച്ചു.

. 1997 സെപ്തംബർ 25 ന് പ്രധാനമന്ത്രിയായിരുന്ന ഐ.കെ. ഗുജ്റാൾ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയെ സന്ദർശിച്ചു.

. 2000 ജൂൺ 26നു ഏ.ബി. വാജ്പേയിയും വത്തിക്കാനിലെത്തി ജോൺപോൾ രണ്ടാമൻ മാർപാപ്പയെ കണ്ടിരുന്നു.

ഇന്ത്യ ഇതിനു മുമ്പ് സന്ദർശിച്ചിട്ടുള്ളത് രണ്ട് മാർപാപ്പമാരാണ്. 1964 ഡിസംബർ മൂന്നാം തീയതിയാണ് ഇദംപ്രഥമമായി ഒരു മാർപാപ്പ ഭാരത മണ്ണിൽ കാലുകുത്തുന്നത്. അന്നത്തെ പ്രധാനമന്ത്രി ലാൽ ബഹുദൂർ ശാസ്ത്രി. മുംബൈയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസ് ഉദ്ഘാടനം ചെയ്യാൻ അന്നു എത്തിയത് പോൾ ആറാമൻ മാർപ്പാപ്പയായി രുന്നു.

വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ രണ്ടുതവണ ഇന്ത്യ സന്ദർശിച്ചിട്ടുണ്ട്. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരിക്കെ 1986 ഫെബ്രുവരി ഒന്നിനും ഏ.ബി.വാജ്പേ യി പ്രധാനമന്ത്രിയായിരിക്കെ 1999 നവംബർ 6നും.



# ഭാരതം

# ഫ്രാൻസിസ്പാപ്പയെ വരവേൽക്കുമ്പോൾ

**ബിനോയ് വിശ്വം എം.പി.**

**ഫ്രാ**ൻസിസ് മാർപ്പാപ്പയെ ഇന്ത്യയിലേക്ക് ക്ഷണിക്കാൻ പ്രധാനമന്ത്രി തയ്യാറായിരിക്കുന്നു. ജി 20 ഉച്ചകോടിയിൽ സംബന്ധിക്കാൻ റോമിലേക്ക് നടത്തിയ യാത്രയെ വത്തിക്കാൻ സന്ദർശനവുമായി ബന്ധപ്പെടുത്താനാണ് പ്രധാനമന്ത്രി തീരുമാനിച്ചത്. അതിൻെറ പുറകിലെ രാഷ്ട്രീയവും നയതന്ത്രപരവും സൈദ്ധാന്തികവുമായ കാരണങ്ങളെക്കുറിച്ച് ഒരു പാട് സംവാദങ്ങൾക്ക് സാധ്യതയുണ്ട്. ഗോവയിലും മണിപ്പൂരിലും മറ്റും നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പും കേരളത്തിലെ രാഷ്ട്രീയ അക്കൗണ്ട് തുറക്കലും മറ്റുമായി അതിനെ കൂട്ടി വായിക്കുന്നവരുമുണ്ട്.

മതങ്ങൾക്കതീതമായി മനുഷ്യർക്ക് നൽകിപ്പോരുന്ന അംഗീകാരവും പരിഗണനയുമാണ് ഇന്ത്യൻ സംസ്കാരത്തിന്റെ കാതൽ. അതിന്റെ ആശയങ്ങളെ വികസിപ്പിച്ചാണ് നാം നമ്മുടെ മതേതര രാഷ്ട്രത്തിന്റെ അടിത്തറ പണിതത്. സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള സമരത്തിൽ സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്വത്തെ മുട്ടു  കുത്തിക്കാൻ ഇന്ത്യക്കായത് 'നാനാത്വങ്ങളിലെ ഏകത്വം 'എന്ന തത്വത്തെ മുറുകെ പിടിച്ചത് കൊണ്ടാണ്. അതിനെ അതിജീവിക്കാൻ വേണ്ടി സാമ്രാജ്യത്വ യജമാനൻമാർ പയറ്റിയ തന്ത്രമായിരുന്നു 'ഭിന്നിപ്പിക്കുക ഭരിക്കുക 'എന്നത്. മതേതരത്വവും മതരാഷ്ട്ര വാദവും ഇന്ത്യാ  ചരിത്രത്തിൽ എന്നും നിലകൊണ്ടത് വിരുദ്ധ ധ്രുവങ്ങളിലായിരുന്നു. സാമ്രാജ്യത്വ വിരുദ്ധതയാണ്  ആ സമരത്തിൽ യഥാർത്ഥ വഴി കണ്ടെത്താൻ ഇന്ത്യൻ ജനതയെ സഹായിച്ചത്.അങ്ങനെയാണ് നമ്മൾ ഇന്ത്യയിലെ ജനങ്ങൾ 'പരമാധികാര ജനാധിപത്യ മതേതരത്വ സോഷ്യലിസ്റ്റ് റിപ്പബ്ളിക്ക് ആയി നമ്മുടെ നാടിനെ വാർത്തെടുക്കാൻ വേണ്ടിയുള്ള മഹാ പ്രയാണത്തിലേക്ക് ചുവടുകൾ വച്ചത്. പൗരൻമാർക്ക് ഇഷ്ടമുള്ള മത വിശ്വാസമാകാമെങ്കിലും രാഷ്ട്രത്തിന്, രാഷ്ട്രത്തിന്റേതായ ഒരു മതമില്ല എന്നതാണ് ഇതിന്റെ കാതൽ. ഇന്ത്യയുടെ ഭരണഘടന അതിന്റെ ശക്തി ചൈതന്യങ്ങൾ എല്ലാം ആർജ്ജിച്ചത് ഈ കാഴ്ച്ചപ്പാടിന്റെ വെളിച്ചത്തിലാണ്.  മത ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന നൽകുന്ന വിശ്വാസപരവും വിദ്യാഭ്യാസപരവുംസാംസ്കാരികവുമായ അവകാശങ്ങൾ അലംഘനീയമാണ്.ഈ ഭരണഘടനാ മൂല്യങ്ങളെ ചോദ്യം ചെയ്യുന്ന പ്രവണത ഇന്ത്യയിൽ തല പൊക്കാൻ ശ്രമിച്ചപ്പോഴെല്ലാം രാഷ്ട്രത്തിന്റെ അടിത്തറ ആടി ഉലഞ്ഞിട്ടുണ്ട്.

ന്യൂനപക്ഷ അവകാശങ്ങളോട് ഇന്ന് രാഷ്ട്രീയ അധികാരം നിയന്ത്രിക്കുന്ന പ്രത്യയശാസ്ത്രം പുലർത്തുന്ന സമീപനം പലപ്പോഴും ചർച്ചാ വിഷയമാകുന്നു. ന്യൂനപക്ഷ മതവിശ്വാസങ്ങളും അവരുടെ ആരാധനാലയങ്ങളും വിദ്യാലയങ്ങളും ശ്മശാനങ്ങളും വരെ കടന്നാക്രമിക്കപ്പെട്ട സംഭവങ്ങൾ നിരവധിയാണ്. ജനസംഖ്യയിൽ കേവലം 2.3 ശതമാനം മാത്രമാണ് ക്രിസ്ത്യാനികളെങ്കിലും കേരളം, ഗോവ, വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങ

ളിൽ അവർ നിർണ്ണായക സ്വാധീനമുള്ള ജനവിഭാഗമാണ്. മതന്യൂനപക്ഷങ്ങളെ അവഗണിച്ചുകൊണ്ട് ഇന്ത്യയ്ക്ക് പുരോഗതി സാധ്യമല്ല എന്നുറപ്പാണ്.

ഫ്രാൻസിസ് മാർപ്പാപ്പയുടെ ഇന്ത്യാ സന്ദർശനത്തിന്റെ പശ്ചാത്തലത്തിൽ ഈ സാമൂഹിക രാഷ്ട്രീയ യാഥാർത്ഥ്യങ്ങൾ ഇവിടെ മുൻവിധി കൂടാതെ ചർച്ച ചെയ്യപ്പെടണം.ഫാദർ സ്റ്റാൻ സ്വാമിയെ പോലെ പാവങ്ങൾക്ക് വേണ്ടി ജീവിച്ച ഒട്ടേറെ പേരെ ക്രിസ്തീയ സഭകൾ ഇന്ത്യക്ക് പരിചയപ്പെടുത്തിയിട്ടുണ്ട്. അവരിൽ പലരുടേയും രക്തസാക്ഷിത്വ സ്മരണകൾ ഈ നാടിന്റെ ഹൃദയത്തിലുണ്ട്.പ്രധാനമന്ത്രി മോദിയുമായുള്ള കൂടിക്കാഴ്ച്ചാവേളയിൽ ജസ്യൂട്ട് പരമ്പരയിൽപ്പെട്ട സ്റ്റാൻ സ്വാമിയുടെ ഓർമ്മ ഫ്രാൻസിസ് മാർപാപ്പയുടെ മനസ്സിനെ മഥിച്ചിട്ടുണ്ടാവുമോ? ഭംഗിയുള്ള വാക്കുകൾ കൈമാറ്റം ചെയ്യപ്പെട്ട അവരുടെ കൂടിക്കാഴ്ച്ചയിൽ ഇത്തരം ദു:ഖം നിറഞ്ഞ അപ്രിയ സത്യങ്ങൾ കടന്നു വന്നു കാണുമോ? ഒക്റ്റോബറിലെ ആ അവസാന നാളുകളിൽ എന്റെ മനസ്സിൽ പലവട്ടം മുഴങ്ങിയ ചോദ്യങ്ങളാണിവ.എല്ലാറ്റിന്റെയും അടിയിൽ ഇന്ത്യൻ പ്രധാനമന്ത്രി അടക്കമുള്ളവർ വഴി കാണിക്കുന്ന ഒരു വിചാരധാരയുണ്ട്. അതിനെ അടിസ്ഥാനമാക്കിയാണ് പ്രധാനമന്ത്രിയുടെ പാർട്ടി അതിന്റെ 'രാജനൈതിക സങ്കൽപങ്ങൾ'ക്ക് അഥവാ രാഷ്ട്രീയ ധാരണകൾക്ക് രൂപം കൊടുത്തിട്ടുള്ളത്. ആ വിചാരധാര അതിന്റെ സ്വയം സേവകനിരകളെ പഠിപ്പിക്കുന്നത് ,മുസ്ലീങ്ങളും ക്രിസ്ത്യാനികളും കമ്മ്യൂണിസ്റ്റ്കാരും രാജ്യത്തിന്റെ ആഭ്യന്തര ശത്രുക്കൾ ആണെന്നാണ്. പ്രധാനമന്ത്രി അടക്കമുള്ളവർ 'ഗുരുജി' എന്ന് വാഴ്ത്തുന്ന എം എസ്.ഗോൾവാൾക്കർ ആണ് അതിന്റെ ഉപജ്ഞാതാവ്. കാലം ഏറെ ചെന്ന ആ ദർശന പദ്ധതി സത്യത്തിൽ തിരുത്തി എഴുതപ്പെടേണ്ടതാണ്.

മതം ഏറെക്കാലം പറഞ്ഞു പോന്ന വിശ്വാസ പ്രമാണങ്ങൾ പലതും തിരുത്താൻ ചങ്കൂറ്റം കാണിച്ച മതബോധത്തിന്റെ വക്താവാണ് ഫ്രാൻസിസ് മാർപ്പാപ്പ.കാലാവസ്ഥാ മാറ്റത്തിന്റെ മറവിൽ അദ്ദേഹം മൂലധനത്തിന്റെ അതിരില്ലാത്ത ആർത്തിയെ കാണുന്നു.എല്ലാ മനുഷ്യ പ്രവർത്തിക്കും ആധാരം ലാഭ മോഹം മാത്രമാണെന്ന് വന്നാൽ മതവും വിശ്വാസവും പറഞ്ഞ മൂല്യങ്ങൾക്കല്ലാം മുറിവേൽക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ലോകത്തിലെ ഏറ്റവും വലിയ മതത്തിന്റെ അത്തരമൊരു മഹാഇടയനെയാണ് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ മതേതര രാഷ്ട്രം വരവേൽക്കാൻ ഒരുങ്ങുന്നത്. സ്വന്തം വിചാരധാരകളെ കാലം ആവശ്യപ്പെടുന്ന പുനർവായനയ്ക്ക് വിധേയമാക്കാൻ ഇന്ത്യയിലെ ഭരണാധികാരികൾക്ക് ആർജ്ജവമുണ്ടാകുമോ എന്നാണ് ആ വരവിന്റെ പശ്ചാത്തലത്തിൽ ചരിത്രം ചോദിക്കുന്നത്.



# സിനഡാത്മകതയെ സംബന്ധിച്ച സിനഡ്



ഡോ.ജേക്കബ് പ്രസാദ്



## ആമുഖം

**പ**ത്രോസും ഇതര ശിഷ്യരും സഭയ്ക്ക് മുഴുവനുമായി കൂട്ടുത്തരവാദിത്വത്തോടെ നിന്നതുപോലെ മാർപ്പാപ്പായും മെത്രാൻമാരും ഒരുമിച്ച് സഭയിലും പൊതുജീവിതത്തിലും അജപാലനത്തിലും സംഘം ചേർന്നു നില്ക്കുന്നു എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ അവതരിപ്പിച്ച കാഴ്ചപ്പാട്. അക്കാര്യം വ്യക്തമായി പ്രകാശിതമാകുന്നത് സാർവത്രിക സൂനഹദോസുകളിലാണ്. എന്നാൽ അവ ഒന്നോ രണ്ടോ നൂറ്റാണ്ടുകൾ കൂടുമ്പോൾ ഒരിക്കൽ നടന്നുവരുന്നവയാണ്. അതിനാൽ സഭയെ കൂട്ടുത്തരവാദിത്വത്തോടെ നയിക്കാനുള്ള ചിന്തകളും പദ്ധതികളും രൂപപ്പെടുത്താൻ 1965ൽ പോൾ ആറാമൻ മാർപ്പാപ്പ സ്ഥാപിച്ച പ്രസ്ഥാനമാണ് മെത്രാന്മാരുടെ സാധാരണ സിനഡ്. ലോകമാസകലമുള്ള മെത്രാന്മാരുടെ പ്രതിനിധികൾ വന്നുചേരുന്ന പ്രസ്തുത സമ്മേളനങ്ങൾ ആദ്യകാലത്ത് രണ്ടുവർഷത്തിൽ ഒരി

ക്കൽ ആയിരുന്നത് പിന്നീട് മൂന്നുവർഷത്തിൽ ഒരിക്കൽ എന്നു നിജപ്പെടുത്തുകയുണ്ടായി. ഇതുവരെ അപ്രകാരമുള്ള 15 സിനഡ് സമ്മേളനങ്ങളാണ് നടന്നിട്ടുള്ളത്. അടുത്ത സിനഡ് 2023 ഒക്ടോബറിലാണ് റോമിൽ വച്ച് നടക്കാൻ പോകുന്നത്. ഈ പതിനാറാമത് സിനഡിന്റെ ചർച്ചാവിഷയം, ''ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം'' എന്നതാണ്. എന്നാൽ ഈ സിനഡ് ലോകത്തിലെ തെരഞ്ഞെടുത്ത മെത്രാന്മാരുടെ കൂടിവരവിൽ നടക്കുന്ന ചർച്ചയായി മാത്രം ആയിരിക്കുവാൻ ഫ്രാൻസിസ് മാർപ്പാപ്പ താത്പര്യപ്പെടുന്നില്ല. ഇതിൽ സഭ മുഴുവനെയും ഒരുമിച്ചുകൊണ്ടുവന്നു ചിന്തിപ്പിക്കാനും അങ്ങനെ അവസാനം ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാനുമാണ് പാപ്പാ ആഗ്രഹിക്കുന്നത്. ആകയാൽ 2021 ഒക്ടോബർ മുതൽ 2023 ഒക്ടോബർവരെ സഭ മുഴുവനും ഒരു സിനഡാത്മക പാതയിലായിരിക്കുവാനാണ് തീരുമാനം. സിനഡാത്മക പാത ഒക്ടോബർ 9ഉം 10ഉം ദിവസങ്ങളിലായി ഫ്രാൻസിസ് പാപ്പാ റോമായിൽ ആരംഭിക്കുകയുണ്ടായി. പ്രാദേശിക സഭകളിൽ (രൂപതകളിൽ) അതിന്റെ ആരംഭം 2021 ഒക്ടോബർ 17ാം തീയതി ആയിരുന്നു. ''സിനഡാത്മകതയുടെ ഒരു പാതയാണ് മൂന്നാം സഹസ്രാബ്ദത്തിൽ ദൈവം സഭയിൽ നിന്നു പ്രതീക്ഷിക്കുന്നത്'' **(P-D-, J-.1)** എന്നു പാപ്പാ കരുതുന്നു. ഈ രണ്ടു വർഷത്തെ സിനഡാത്മക സഞ്ചാരത്തെ സഹായിക്കാനായി വത്തിക്കാനിൽ നിന്നും സിനഡ് സെക്രട്ടറിയേറ്റിലേക്ക് ഒരു സൂചനാ ചിത്രവും **(logo)** ഒരു ഒരുക്കരേഖയും **(preparatory document[-P-D-J-)** ഒരു കൈപ്പുസ്തകവും **(Handbook Vademecum)** പ്രസിദ്ധീകരിച്ചിട്ടുണ്ട്. വളരെ പ്രായോഗിക തലത്തിലുള്ള ഉപകരണങ്ങൾ ആണിവ.

## ഒരുമിച്ചുള്ള സഞ്ചാരം

സിനഡിനെ പല ഘട്ടങ്ങളിലൂടെയുള്ള ഒരു പ്രയാണമായിട്ടാണ് വിഭാവന ചെയ്തിരിക്കുന്നത്. ആദ്യം 2021 ഒക്ടോബറിൽ തുടങ്ങി ഒരുക്കരേഖയുടെയും അതിന്റെ കൈപ്പുസ്തകത്തിന്റെയും ചുവടു പിടിച്ച് രൂപതാതലത്തിലും പൗരസ്ത്യസഭകളുടെ സിനഡുകളിലും മെത്രാൻ സംഘങ്ങളിലും ചർച്ച നടക്കുന്നു. ഈ ചർച്ചകളുടെ സംഗ്രഹം ഏപ്രിൽ 2022 ൽ സിനഡ് സെക്രട്ടറിയേറ്റിൽ എത്തേണ്ടതായുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയേറ്റ് 2022 സെപ്തംബറോടുകൂടെ ആദ്യ പ്രവർത്തനരേഖ (**Instrumentum Laboris**) പുറപ്പെടുവിക്കുന്നു. പ്രസ്തുത പ്രവർത്തന രേഖ ഏഴു ഭൂഖണ്ഡങ്ങളിലെയും മെത്രാൻ സംഘങ്ങളുടെ ഭൂഖണ്ഡതലത്തിലുള്ള ചർച്ച 2023 മാർച്ചിനു മുമ്പായി നടത്തി 2023 മാർച്ചിൽ ഏഴ് രേഖകളായി സെക്രട്ടറിയേറ്റിനു സമർപ്പിക്കുന്നു. സെക്രട്ടറിയേറ്റ് അതു പഠിച്ച് 2023 ജൂൺ ഓടുകൂടെ രണ്ടാമത്തെ പ്രവർത്തന രേഖ തയ്യാറാക്കുന്നു. 2023 ഒക്ടോബറിൽ റോമിൽ വച്ച് ഈ പ്രവർത്തന രേഖയുടെ അടിസ്ഥാനത്തിൽ മെത്രാന്മാരുടെ സിനഡിന്റെ 16ാമത് പൊതു സമ്മേളനം നടക്കുന്നു.

ഒരുക്കരേഖയുടെ രണ്ടാം ഖണ്ഡികയിൽത്തന്നെ ''ഒരുമിച്ചുള്ള സഞ്ചാര'ത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നു: (1) ചരിത്രത്തിലൂടെ ദൈവാത്മാവ് സഭയെ എങ്ങനെയാണ് നയിച്ചതെന്നു കണ്ടുകൊണ്ട് എങ്ങനെയാണ് ഇന്ന് സഭാംഗങ്ങളെ ദൈവസ്നേഹത്തിന്റെ സാക്ഷികളാകാൻ ക്ഷണിക്കുന്നതെന്ന് അറിയാൻ; (2) ഒരു പങ്കാളിത്ത ഭാവത്തോടെ സഭയെ കെട്ടിപ്പടുക്കാൻ ഓരോരുത്തർക്കും പറയാനുള്ളതു കേൾക്കാൻ; (3) പൊതു നന്മയ്ക്കായി ആത്മാവ് നല്കുന്ന ദാനങ്ങളെ തിരിച്ചറിഞ്ഞ് അംഗീകരിക്കാൻ; (4) സുവിശേഷം അറിയിക്കാനും ലോകത്തെ സുന്ദരമാക്കുവാനുമുള്ള ഉദ്യമത്തിനുള്ള പങ്കാളിത്ത സ്വഭാവമുള്ള മാർഗങ്ങൾ കണ്ടെത്താൻ; (5) ഉത്തരവാദിത്വവും അധികാരവും സഭയിൽ എങ്ങനെ അഭ്യസിക്കുന്നു എന്നു കണ്ടെത്താൻ; (6) സമൂഹത്തിലെ വിവിധ ശുശ്രൂഷകളിൽ ഇടപെടുന്നതിൽ സഭയെ വിശ്വസിക്കാവുന്ന ഒരു പങ്കാളിയായി എങ്ങനെ മാറ്റാൻ സാധിക്കും എന്നതു കണ്ടെത്താൻ; (7) ഇതര ക്രൈസ്തവ അക്രൈസ്തവ സമൂഹങ്ങൾക്കിടയിൽ ഉള്ള ബന്ധങ്ങൾ പുനഃസ്ഥാപിക്കാൻ; (8) സമീപകാലത്തുണ്ടായ സിനഡാത്മക അനുഭവങ്ങളിൽ നിന്നുണ്ടായ ഫലങ്ങൾ എങ്ങനെ സഭയുടെ വിവിധ തലങ്ങളിൽ പ്രകാശിതമായെന്നുള്ളതു കണ്ടെത്താൻ.

ഈ ഉദ്ദേശ്യലക്ഷ്യങ്ങൾ സാധ്യമാകുന്നതിനു ഇന്നത്തെ ലോകത്തിന്റെ പശ്ചാത്തലവും സഭയുടെതന്നെ പശ്ചാത്തലവും ചുരുക്കത്തിൽ വിവരണ വിഷയമാകുന്നു. ഒരുവശത്ത് കോവിഡ് 19 എന്ന മഹാമാരി നാം എല്ലാവരും ഒരു ആഗോള സമൂഹമാണെന്നുള്ള ബോധത്തിലേക്ക് നമ്മെ ഉയർത്തി. അതേസമയം, ഇക്കാലത്തും അനീതിയും അസമത്വവും ഛിന്നഭിന്നമാക്കപ്പെടലും വർദ്ധിച്ചിട്ടുണ്ട്. സഭയിൽത്തന്നെയും ഉള്ള വിശ്വാസരാഹിത്യത്തിന്റെയും, അഴിമതിയുടെയും വൈദികമേൽക്കോയ്മയുടെയും അതുവഴിയായി ഉണ്ടായ ലൈംഗിക ചൂഷണത്തിന്റെയും ഒക്കെ പുഴുക്കുത്തുകൾ മറച്ചു വയ്ക്കാനാ

വില്ല. ഇങ്ങനെയൊക്കെയാണെങ്കിലും ആത്മാവ് അനുതാപത്തിന്റെയും, മാനസാന്തരത്തിന്റെയും പുത്തൻ ഉണർവിന്റെയും വിത്തുകൾ നമ്മിൽ വിതയ്ക്കുന്നുണ്ട്. ഈ പരിവർത്തന പ്രക്രിയയിൽ നിന്നു ആരെയും ഒഴിച്ചുനിറുത്താനാവില്ല; എല്ലാവരുടെയും സജീവ പങ്കാളിത്തം അതിനു ആവശ്യമാണ്. അത്മായർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും യുവജനങ്ങൾക്കും, സഭയുടെ ദൗത്യത്തിൽ കൂടുതൽ പങ്കാളിത്തം ലഭിക്കാനുള്ള മുറവിളിയും ഇന്നു കേൾക്കുന്നുണ്ട്. അതിൽ ചിലതൊക്കെ സാധ്യമായിട്ടുമുണ്ട്. ഈ അടുത്ത കാലത്ത് അല്മായ അധ്യാപകരുടെ ശുശ്രൂഷയുടെ സ്ഥാപനവും **(Lay Catechists),** സ്ത്രീകൾക്ക് വായനാ ശുശ്രൂഷകരും **(lectors)** അൾത്താരശുശ്രൂഷകരും **(acolyte)** ആകാനുമുള്ള സാധ്യതകൾ തുറന്നുകൊടുത്തതും ഈ വിധത്തിലുള്ള കാൽവയ്പ്പുകളാണ്. മാത്രമല്ല, 2020 ആഗസ്റ്റിൽ വത്തിക്കാന്റെ സാമ്പത്തിക കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിൽ മാർപ്പാപ്പാ ആറ് സ്ത്രീകളെ നിയോഗിച്ചതും, മെത്രാന്മാരുടെ സിനഡിന്റെ വോട്ടവകാശമുള്ള അണ്ടർ സെക്രട്ടറിയായി സിസ്റ്റർ നത്താലി ബെക്കാർട്ടിനെ നിയമിച്ചതും ഒക്കെ ഈ ദിശയിലുള്ള നീക്കങ്ങളാണ്.

## ദൈവശാസ്ത്ര അടിസ്ഥാനം

ഘടനാപരമായിത്തന്നെ സഭ സിനഡാത്മകമാണെന്നു ഒരുക്കരേഖ നിരീക്ഷിക്കുന്നു. ആദ്യനൂറ്റാണ്ടുകളിൽ സഭാഗാത്രത്തിൽ വിഭജനങ്ങൾ ഉണ്ടായപ്പോൾ സഭാ പിതാക്കന്മാർ ഉയർത്തിക്കാട്ടിയത് ലോകം മുഴുവൻ ചിതറിക്കിടക്കുന്ന സഭകളുടെ കൂട്ടായ്മ ആണ്. വിശുദ്ധ അഗസ്റ്റിൻ അതിനെ ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ വിശ്വാസത്തിലെ പൊരുത്തം എന്നാണ് വിശേഷിപ്പിക്കുന്നത്. ആകയാൽ ''സഭയെന്നതും സിനഡെന്നതും പര്യായങ്ങളാണെന്നു'' പറയാൻ വിശുദ്ധ ജോൺ ക്രിസോസ്റ്റോമിനു സാധിച്ചു. അക്കാരണത്താലാണ് വിശ്വാസസത്യങ്ങളുടെ പ്രഖ്യാപനം നടത്തേണ്ടി വന്നപ്പോൾ സഭ മുഴുവന്റെയും വിശ്വാസം അറിയാനായി മാർപ്പാപ്പാമാർ മെത്രാന്മാരുടെ അഭിപ്രായം തേടുകയുണ്ടായത്. അതുവഴി മാർപ്പാപ്പാമാർ ദൈവജനം മുഴുവന്റെയും വിശ്വാസബോധത്തെ **(Sensus Fidei)** ആധാരമായി സ്വീകരിക്കുകയായിരുന്നു; കാരണം ''വിശ്വസിക്കേണ്ട കാര്യത്തിൽ അവർക്ക് അപ്രമാദിത്വം ഉണ്ട്'' **(E-G-. J- 119). Sensus Fidei** (വിശ്വാസബോധം) എന്നു പറഞ്ഞാൽ ''വിശ്വാസികളുടെ, ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളവരുടെ, ''ആന്തരീകശബ്ദം'' അഥവാ ''പൊതുമനസ്സാക്ഷി'' എന്നതാണ്. ജ്ഞാനസ്നാനത്തിൽ സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ അഭിഷേകം ഉള്ളതിനാൽ ദൈവജനത്തിന് ഒന്നടങ്കം തെറ്റുപറ്റുവാൻ സാധിക്കുകയില്ല എന്നു രണ്ടാം






വത്തിക്കാൻ കൗൺസിൽ തന്നെ പഠിപ്പിച്ചു (**L-G-, J-.12** കാണുക). അതിനാൽ സഭ മുഴുവന്റെയും വിശ്വാസത്തിന്റെ ആധികാരികതയുള്ള കാവൽക്കാരും വ്യാഖ്യാതാക്കളും ആയി ദൈവം നിയോഗിച്ച ഇടയന്മാർ തങ്ങളെ ഭരമേൽപ്പിച്ചിട്ടുള്ള അജഗണത്തെ ശ്രവിക്കുന്നതിൽ ഭയപ്പെടരുത് എന്നു ഒരുക്കരേഖ നിർദ്ദേശിക്കുന്നു (**P-D- J-.14**). അതേസമയം, ദൈവജനവുമായി കൂടി ആലോചിക്കുക എന്നുപറഞ്ഞാൽ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലുള്ള ജനാധിപത്യ സംവിധാനം സഭയ്ക്കുള്ളിൽ അവലംബിക്കുക എന്ന അർഥമില്ല. യഥാർത്ഥത്തിൽ ''സിനഡാത്മകത'' എന്നുപറഞ്ഞാൽ നിരന്തരം മുന്നോട്ടു ഗമിക്കുന്ന ഒരു തരം സഹകരണത്തിന്റെ രൂപമാണ്; അതാണ് കൂട്ടായ്മയുടെ ഭാവം. ഒരു ജനാധിപത്യസംവിധാനത്തിൽ തീരുമാനങ്ങൾ എടുക്കുന്നത് ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ്. ഭൂരിപക്ഷത്തിനു തെറ്റിപ്പോകാനും ഇടയുണ്ട്; അപ്രകാരം ഉണ്ടായതായി ചരിത്രം സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്. സിനഡാത്മക സമീപനത്തിൽ എല്ലാവരെയും കേൾക്കാൻ ശ്രമിക്കുമ്പോൾ ഒരാളുടെ ശബ്ദമാകാം സത്യത്തോട് കൂടുതൽ ചേർന്നു നില്ക്കുന്നത്; ഈ ആൾ നേതാവ് തന്നെ ആയിരിക്കണം എന്നുമില്ല; അത് ഒരു സാധാരണ അംഗംപോലും ആകാം. ആ ആളുടെ ശബ്ദത്തിനു ഭൂരിപക്ഷത്തിന്റെയും നേതാവിന്റെയും ശബ്ദത്തെക്കാൾ കൂടുതൽ യുക്തി ഉണ്ടാകാൻ സാധ്യതയുണ്ട്. ഇവിടെയാണ് നാം തിരിച്ചറിവിനെകുറിച്ച് (**discernment**) പറയുന്നത്. ശരിയായ തിരിച്ചറിവ് നടക്കുന്നത് അംഗങ്ങൾക്കു സ്വാർഥ ലക്ഷ്യങ്ങളും താത്പര്യങ്ങളും ഇല്ലാതെ സമൂഹത്തിൽ/സഭയുടെ പൊതുനന്മ എന്ന ലക്ഷ്യം മുന്നിൽ നില്ക്കുമ്പോഴാണ്. ഇത് നടപ്പാക്കുമ്പോൾ സഭ നിരന്തരം മാനസാന്തരത്തിന്റെ പാതയിൽ സഞ്ചരിക്കുകയും ചെയ്യുന്നു.

ഈ പശ്ചാത്തലത്തിലാണ് പുതിയ നിയമത്തിൽ യേശുതന്നെ തന്റെ പൊതുപ്രവർത്തനത്തിൽ അവലംബിച്ച എല്ലാവരെയും ശ്രവിക്കുക എന്ന തത്ത്വത്തിനും തുടർന്നു അപ്പസ്തോലന്മാർ പിന്തുടർന്ന നിരന്തരമായ മാനസാന്തരത്തിന്റെ മാർഗത്തിനും പ്രസക്തി കൈവരുന്നത്. യേശുവിന്റെ ദൈവരാജ്യപ്രഘോഷണമെന്ന പൊതു പ്രവർത്തനപരിപാടിയിൽ മുഖ്യമായും മൂന്നു കഥാപാത്രങ്ങളാണ് ഉള്ളത്: യേശു, ജനക്കൂട്ടം, അപ്പസ്തോലന്മാർ. ഈ മൂന്നു അഭിനേതാക്കൾ തമ്മിലുള്ള സംവാദം സുവിശേഷങ്ങളിൽ ഉടനീളം ശ്രദ്ധേയമാണ്. എല്ലാവരെയും ശ്രവിക്കുവാൻ യേശു തയ്യാറാകുന്നു. കാനാൻകാരി സ്ത്രീയുടെ എതിർ ന്യായങ്ങൾ കേൾക്കാനും (മത്താ 15:21 - 28), സമറിയാക്കാരി സ്ത്രീയുമായി സംവദിക്കാനും (യോഹ 4: 7 - 26), ഔദ്യോഗിക മതം പുറത്തു നിറുത്തിയിരുന്ന ജന്മനാ അന്ധനായവനെ വിശ്വാസത്തിലേക്കു ക്ഷണിക്കാനും (യോഹ 9) യേശു തയ്യാറാകുന്നു. അതായത്, വ്യത്യസ്ത ഗണത്തിലും വ്യത്യസ്ത പശ്ചാത്തലത്തി

ലും ഉള്ളവരോട് സംസാരിക്കാനും അവരെ ശ്രവിക്കാനും യേശു തയ്യാറാകുന്നു. അതിനാൽ സിനഡാത്മക കൂടിയാലോചനകളിൽ ദരിദ്രനും, ബഹിഷ്കൃതരുമായവരുമായുള്ളവരെയും ശ്രവിക്കാൻ ശ്രദ്ധിക്കണമെന്നും ഒരുക്കരേഖ ആവർത്തിച്ചു നിഷ്കർഷിക്കുന്നു **(J-.29.30.31).**

സഭ നിരന്തരമായി മാനസാന്തരത്തിന്റെ പാത അവലംബിക്കേണ്ടതാണെന്നു ചൂണ്ടിക്കാണിക്കാൻ ഒരുക്കരേഖ അപ്പസ്തോലപ്രവർത്തനത്തിലെ 10ാം അദ്ധ്യായത്തിന്റെ ഒരു വ്യാഖ്യാനം നടത്തുന്നു. അത് വിജാതീയനായ കൊർണേലിയൂസിന്റെയും അതോടൊപ്പം പത്രോസിന്റെതന്നെയും മാനസാന്തരത്തിനു വഴിതെളിക്കുന്നതായി ചിത്രീകരിക്കുന്നു. ഒരുവശത്ത് കൊർണേലിയൂസ് മാനസാന്തരപ്പെട്ട് സഭയുടെ അംഗമായിത്തീരുന്നു. മറുവശത്ത് കൊർണേലിയൂസിനെ സഭയിലേക്കു സ്വീകരിക്കാൻ പത്രോസിനുതന്നെ ഒരു മാനസാന്തരം ഉണ്ടാകേണ്ടിയിരിക്കുന്നു. ദൈവാത്മാവിന്റെ പ്രവർത്തനമാണ് രണ്ടുകാര്യങ്ങൾക്കും വഴിതെളിച്ചത്. മാനസാന്തരത്തിന്റെ ദ്വിതല ചലനാത്മകതയാണ് ഇവിടെ പ്രകാശിതമാകുന്നത്. പത്രോസ്തന്നെ മാനസാന്തരപ്പെട്ടെങ്കിലേ പുറത്തുള്ളവരെ അകത്തേക്ക് മാനസാന്തരപ്പെടുത്തികൊണ്ടുവരാൻ സാധിക്കുകയുള്ളൂ. അവിടെയാണ് പ്രേഷിതദൗത്യം നടപ്പാകുന്നത്.

## പ്രേഷിതദൗത്യത്തിനുള്ള കൂട്ടുത്തരവാദിത്വം

പ്രേഷിതദൗത്യം എന്നതു അഭിഷിക്തരായി സഭാശുശ്രൂഷയിൽ ആയിരിക്കുന്നവരുടേതുമാത്രമല്ല എന്നു കൗൺസിൽതന്നെ പഠിപ്പിക്കുന്നുണ്ട്: ''സഭയ്ക്ക് ലോകത്തിലുള്ള രക്ഷാദൗത്യം മുഴുവൻ സ്വന്തം തോളിൽ വഹിക്കാനല്ല ക്രിസ്തു തങ്ങളെ അഭിഷേകം ചെയ്തിരിക്കുന്നത് എന്ന പരമാർത്ഥതയും മെത്രാന്മാർക്ക് അജ്ഞാതമല്ല'' **(L-G-, 30)**. ഇതു മനസ്സിലാക്കിയിട്ടാണ് ഒരുക്കരേഖയുടെ 30ാം ഖണ്ഡികയിൽ അവതരിപ്പിക്കപ്പെടുന്ന പത്ത് പ്രമേയപരമായ മൂലബിന്ദുക്കളിൽ 5ാമത്തേത്, ''സഭയിലെ എല്ലാ അംഗങ്ങളും പങ്കാളികളാകാൻ വിളിക്കപ്പെട്ടിരിക്കുന്ന സഭയുടെ പ്രേഷിത ദൗത്യത്തിന് ഉപകരിക്കുന്നതാണ് സിനഡാത്മകത'' എന്നുപറയുന്നത്. ഇവിടെ തുടർന്നു ഇപ്രകാരം ചോദിക്കുന്നു: ''നമ്മൾ എല്ലാവരും പ്രേഷിതഭാവമുള്ള ശിഷ്യരായിരിക്കയാൽ **(missionary disciple)** എങ്ങനെയാണ് ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും പ്രേഷിതദൗത്യത്തിൽ മുഖ്യകഥാപാത്രമായിരിക്കുന്നത്? പൊതുസമൂഹത്തിൽ ശുശ്രൂഷയിലായിരിക്കുന്നവരെ ക്രൈസ്തവ സമൂഹം എങ്ങനെയാണ് പിന്താങ്ങുന്നത്? (വിവിധ രീതികളിൽ സമൂഹത്തിന്റെ ശുശ്രൂഷയിൽ ആയിരിക്കുന്നവരെ: സാമൂഹ്യരാഷ്ട്രീയ രംഗത്ത്, ശാസ്ത്രീയ ഗവേഷണ അധ്യാപന രംഗത്ത്, സാമൂഹ്യ നീതി ഉറപ്പാക്കുന്ന വേദിയിൽ, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നിടത്ത്, നമ്മുടെ പൊതുഭവനത്തെക്കുറിച്ചുള്ള കരുതലിന്റെ ഇടങ്ങളിൽ).''

## സിനഡാത്മക പ്രവൃത്തിപഥത്തിൽ

ഈ സിനഡിന്റെ പ്രാദേശിക തലത്തിലുള്ള സഞ്ചാരപഥത്തിൽ ദൈവജനവുമായി കൂടിയാലോചന നടത്താനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുമ്പോൾ ഒരുക്കരേഖയിൽ ധാരാളം ചോദ്യങ്ങൾ ഉൾചേർത്തിരിക്കുന്നു. പ്രസ്തുത ചോദ്യങ്ങൾ പല സത്യങ്ങളും കണ്ടെത്തുവാനുള്ള മാർഗങ്ങളായി മാറുന്നു. മുകളിൽ സൂചിപ്പിച്ചതുപോലെ പ്രമേയപരമായ പത്ത് മൂലബിന്ദുക്കൾ ഇക്കാര്യത്തിനു സഹായകമായി അവതരിപ്പിച്ചിരിക്കുന്നു. സഞ്ചാരത്തിലെ സഹകാരികളെ നിർണയിക്കുന്നത്, ശ്രവണം, തുറന്നു പറച്ചിൽ, ആരാധനാക്രമത്തിലൂടെയുള്ള ആചരണം, സഭയിലും സമൂഹത്തിലും നടക്കേണ്ട സംവാദം, ഇതരസഭാസമൂഹങ്ങളുമായുള്ള സംവാദം, അധികാരവും പങ്കാളിത്തവും, തിരിച്ചറിയലും തീരുമാനം എടുക്കലും. ഒരുമിച്ചുള്ള സഞ്ചാരത്തിൽ നമ്മെത്തന്നെ രൂപീകരിക്കുന്നത്, എന്നിവയാണവ.

ഇവയെല്ലാം വഴിയായി സഭയിൽ നടക്കേണ്ടത് എന്താണെന്നു ഒരുക്കരേഖ അവസാനമായി പറയുന്നു: ''ഈ ആലോചന പ്രക്രിയയുടെ ലക്ഷ്യം രേഖകൾ പുറപ്പെടുവിക്കുകയല്ല, പ്രത്യുത, സ്വപ്നങ്ങൾ നട്ടുപിടിപ്പിക്കാനും, പ്രവചനങ്ങളും ദർശനങ്ങളും പുറത്തെടുക്കാനും പ്രത്യാശ തഴച്ചുവളരാൻ അനുവദിക്കാനും, വിശ്വാസമർപ്പിക്കുന്നത് പ്രചോദിപ്പിക്കാനും, മുറിവുകൾ വച്ചുകെട്ടാനും, ബന്ധങ്ങൾ ഒരുമിച്ച് തുന്നിച്ചേർക്കാനും, പ്രതീക്ഷയുടെ ഒരു പുലരി ഉണർത്താനും, മറ്റൊരുവനിൽനിന്നും പരസ്പരവും പഠിക്കാനും, മനസ്സുകളെ ഉദ്ദീപ്തമാക്കുന്ന ഹൃദയങ്ങളെ ഊഷ്മളമാക്കുന്ന, നമ്മുടെ കരങ്ങൾക്കു ശക്തി പകരുന്ന, പ്രദീപ്തമായ ഒരു വിഭവസമ്പന്നത സൃഷ്ടിക്കാനുംവേണ്ടിയാണിത്'' **(P-D- J-.32).**



## സിനഡാത്മക പ്രക്രിയയുടെ കാലിക പ്രസക്തി

വളരെ സുന്ദരമായ ഒരു സ്വപ്നമാണ് ഈ സിനഡാത്മക പ്രക്രിയയിലൂടെ ഫ്രാൻസിസ് പാപ്പാ സഫലമാക്കാൻ ശ്രമിക്കുന്നത്. സിനഡാത്മകത എന്ന സിദ്ധാന്തത്തിലൂടെ പാപ്പാ സഭയുടെ സ്വഭാവത്തെ വിശുദ്ധ ലിഖിതത്തിന്റെയും വിശുദ്ധ പാരമ്പര്യത്തിന്റെയും പശ്ചാത്തലത്തിൽ പുനർനിർണയിക്കാൻ ശ്രമിക്കുന്നു. ജനത്തിന്റെ വിശ്വാസബോധം പൂർണമായും കണക്കിലെടുക്കുന്നു എന്ന സവിശേഷത ഇതിനുണ്ട്. കഴിഞ്ഞ 50 വർഷമായി മെത്രാന്മാരുടെ 15 സാധാരണ സിനഡുകൾ നടന്നിട്ടുണ്ടെങ്കിലും ഇതുപോലൊരു പ്രക്രിയ ഉണ്ടായിട്ടില്ല. ഒരുക്കരേഖകൾ **(lineamenta)** ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇത്രയും വ്യവസ്ഥാപിതവും വിശാലവുമായ രീതിയിൽ അതു നടന്നിട്ടില്ല. ഇതിൽ ഒരു ജനാധിപത്യപരമായ രീതിയുണ്ട്, എന്നാൽ ഇത് മുകളിൽ പറഞ്ഞപോലെ സാധാരണയുള്ള ജനാധിപത്യപ്രക്രിയപോലെയല്ല. അതിനും അപ്പുറമാണിത്. വൈദിക, പുരുഷ മേധാവിത്വപരമായ സമീപനങ്ങളെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ ഉണ്ടിവിടെ. സ്ത്രീകൾക്കും, തിരസ്കരിക്കപ്പെട്ടവർക്കും, ദരിദ്രർക്കും ഒക്കെ സഭയുടെ സിനഡാത്മക സഞ്ചാരത്തിൽ യുക്തമായ സ്ഥാനം കൊടുക്കാനുള്ള വ്യഗ്രത ഇവിടെ കാണാനാകും. സുതാര്യതയുടെയും കൂട്ടുത്തരവാദിത്വത്തിന്റെയും പാതയിലൂടെ സഞ്ചരിക്കാനാണ് ഇവിടത്തെ ക്ഷണം.

കാനോനികമായി ഇപ്പോൾത്തന്നെയുള്ള ഘടനാപരമായ സ്ഥാപനങ്ങൾക്ക് (രൂപതാ അജപാലന സമിതി, രൂപതാ സാമ്പത്തിക സമിതി, ഇടവക അജപാലനസമിതി എന്നിവ) വർദ്ധിതമായ സ്ഥാനവും ശക്തിയും പകരാൻ പോരുന്ന കാഴ്ചപ്പാടുകളാണ് ഈ പ്രക്രിയയിൽ ഉള്ളത്. മുറിവുണക്കലിന്റെ ഭാഗമായി സഭകളെ അലട്ടുന്ന ഗൗരവമേറിയ തെറ്റുകളെ അംഗീകരിക്കാനും അവയെ പശ്ചാത്താപത്തിന്റെ വഴികളിലൂടെ പരിഹരിക്കാനുമുള്ള ക്ഷണം ഈ സിനഡാത്മക പ്രക്രിയയിൽ അന്തർലീനമാണ്. ഇവയെല്ലാം നാം ഇന്നു ജീവിക്കുന്ന സമൂഹത്തിന്റെ പശ്ചാത്തലത്തിലും സഭയുടെ തന്നെയും പശ്ചാത്തലത്തിലും സഭ നിരന്തരം പരിഷ്കരണത്തിന്റെ പാതയിലായിരിക്കുന്നു എന്ന സത്യത്തിന്റെ അടിസ്ഥാനത്തിലും അനിവാര്യമായവയാണ്. ഈ പ്രക്രിയ സഭയ്ക്ക് തീർച്ചയായും ദൈവാത്മാവിന്റെ പ്രചോദനത്താലും കൃപയാലും അനുഗ്രഹീതമായിത്തീരും എന്നു കരുതാവുന്നതാണ്.

**വീഡിയോ ക്യു ആർ കോഡ്**






***പൗലോസ് അപ്പസ്തോലന്റെ ഗലാത്യക്കാർക്കുള്ള ലേഖനത്തെ ആസ്പദമാക്കിയുള്ള ഫ്രാൻസിസ് പാപ്പയുടെ മതബോധനപരമ്പര*** ഭാഗം -1

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

# സുവിശേഷവത്ക്കരണത്തിന്റെ അപ്രതീക്ഷിത വഴികൾ

**പ്രാ**ർത്ഥനയ്ക്കായി നീക്കിവച്ച നീണ്ട പരമ്പരയ്ക്കു ശേഷം, ഇന്ന് നാം പുതിയൊരു പ്രബോധന പരമ്പരയ്ക്ക് തുടക്കം കുറിക്കുകയാണ്. പ്രാർത്ഥനാ പരിചിന്തന പ്രയാണം വഴി അല്പമെങ്കിലും മെച്ചപ്പെട്ട രീതിയിലും കൂടുതലായും പ്രാർത്ഥിക്കാൻ നമുക്ക് കഴിഞ്ഞുവെന്ന് ഞാൻ പ്രത്യാശിക്കുന്നു. പൗലോസപ്പസ്തോലൻ ഗലാത്യക്കാർക്കുള്ള ലേഖനത്തിൽ മുന്നോട്ടുവയ്ക്കുന്ന ചില വിഷയങ്ങളെക്കുറിച്ച് മനനം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. അപ്പസ്തോലനെ നന്നായി മനസ്സിലാക്കുന്ന കാര്യത്തിൽ മാത്രമല്ല, എല്ലാറ്റിനുമുപരിയായി, സുവിശേഷത്തിൻറെ മനോഹാരിത അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം ആഴത്തിൽ കൈകാര്യം ചെയ്യുന്ന ചില വിഷയങ്ങൾ പരിഗണിക്കുമ്പോഴും ഇത് വളരെ പ്രധാനപ്പെട്ട ഒരു ലേഖനമാണ്, നിർണ്ണായകമായ ഒന്നാണെന്ന് ഞാൻ പറയും. തന്റെ പരിവർത്തനത്തെയും യേശുക്രിസ്തുവിനായി ജീവിതം സമർപ്പിക്കാനുള്ള തന്റെ തീരുമാനത്തെയും കുറിച്ച് മനസ്സിലാക്കാൻ നമുക്ക് സാധിക്കുന്ന തരത്തിലുള്ള ജീവചരിത്രപരമായ നിരവധി പരാമർശങ്ങൾ പൗലോസപ്പസ്തോലൻ ഈ കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനുപുറമെ, വിശ്വാസത്തെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ചില വിഷയങ്ങൾ, അതായത്, സ്വാതന്ത്ര്യം, കൃപ, ക്രിസ്തീയ ജീവിതരീതി തുടങ്ങിയവ അദ്ദേഹം കൈകാര്യം ചെയ്യുന്നു. അവ, നമ്മുടെ ഇക്കാലത്തെ സഭയുടെ ജീവിതത്തന്റെ പല വശങ്ങളെയും സ്പർശിക്കുന്നതിനാൽ അവയ്ക്ക് അത്യന്തം ആനുകാലിക പ്രസക്തിയുണ്ട്. ഇത് നമ്മുടെ കാലത്തിനായി എഴുതിയതാണെന്ന് തോന്നുന്നു.


ഈ ലേഖനത്തിൽ തെളിയുന്ന പ്രഥമ സവിശേഷത, തന്റെ പ്രേഷിതയാത്രയിൽ ചുരുങ്ങിയത് രണ്ട് തവണയെങ്കിലും ഗലാത്യയിലെ സമൂഹങ്ങളെ സന്ദർശിച്ച അപ്പസ്തോലൻ നടത്തിയ മഹത്തായ സുവിശേഷവത്ക്കരണ പ്രവർത്തനമാണ്. ആ പ്രദേശത്തെ ക്രിസ്ത്യാനികളെ പൗലോസ് അഭിസംബോധന ചെയ്യുന്നു.

അദ്ദേഹം ഭൂമിശാസ്ത്രപരമായി ഏതു മേഖലയെയാണ് സൂചിപ്പിക്കുന്നതെന്ന് നമുക്ക് കൃത്യമായി അറിയില്ലെന്നു മാത്രമല്ല, ഈ കത്തെഴുതിയ തീയതിയെക്കുറിച്ചും നമുക്കു ഉറപ്പിച്ചു പറയാനാകില്ല.ഗലാത്തിയർ ഒരു പുരാതന കെൽറ്റിക് ജനതയായിരുന്നുവെന്ന് നമുക്കറിയാം. നിരവധിയായ പ്രതികൂല സാഹചര്യങ്ങളെ തരണംചെയ്ത് അവർ ആൻസിറ, ഇന്ന് തുർക്കിയുടെ തലസ്ഥാനമായ അങ്കാറ, തലസ്ഥാനമായുള്ള, അനറ്റോലിയായിലെ അതിവിസ്തൃതമായ ആ പ്രദേശത്ത് താമസമാക്കുകയായിരുന്നു.

രോഗം മൂലമാണ് ആ പ്രദേശത്ത് തുടരാൻ താൻ നിർബന്ധിതനായതെന്ന് പൗലോസ് സൂചിപ്പിക്കുന്നുണ്ട് (ഗാലാത്തി 4,13).എന്നാൽ, അപ്പസ്തോലപ്രവർത്തനങ്ങളിൽ, വിശുദ്ധ ലൂക്കാ, കൂടുതലും ഒരു ആദ്ധ്യാത്മിക പ്രചോദനം എന്ന രിതിയിലാണ് ഇതിനെ കാണുന്നത് .'ഏഷ്യയിൽ വചനം പ്രസംഗിക്കുന്നതിൽ നിന്ന് പരിശുദ്ധാത്മാവ് അവരെ പിന്തിരിപ്പിച്ചതുകൊണ്ട് അവർ ഫ്രീജിയാ, ഗലാത്തിയാ എന്നിവിടങ്ങളിലൂടെ യാത്ര ചെയ്തു (അപ്പസ്തോല പ്രവർത്തനങ്ങൾ 16,6). ഈ രണ്ടു വസ്തുതകളും പരസ്പരവിരുദ്ധങ്ങളല്ല: മറിച്ച്, സുവിശേഷവത്ക്കരണത്തിൻറെ പാത എല്ലായ്പ്പോഴും നമ്മുടെ ഇച്ഛയെയും പദ്ധതികളെയും ആശ്രയിച്ചല്ല ഇരിക്കുന്നതെന്നും നമ്മെത്തന്നെ രൂപപ്പെടുത്താനും അപ്രതീക്ഷിത വഴികളിലൂടെ സഞ്ചരിക്കാനുമുള്ള സന്നദ്ധത ആവശ്യമാണെന്നും സൂചിപ്പിക്കുന്നു. എന്നോട് സംസാരിച്ച ഒരു കുടുംബം ഇപ്പോൾ നിങ്ങളോടൊപ്പം ഉണ്ട്. അവർ ലാത്വിയൻ ഭാഷ പഠിക്കുവാൻ പോകുന്നു. കാരണം അവർ മിഷനറിമാരായി ആ ദേശത്തേക്കു പോകാൻ തീരുമാനിച്ചിരിക്കുന്നു. സ്വന്തം നാട് വിട്ട് മറ്റൊരു ദേശത്തു് ഒരു മിഷനറിയായി തന്റെ ദൗത്യം നിർവഹിക്കുന്ന മിഷനറിപ്രവർത്തനം പരിശുദ്ധാത്മാവ് ഇന്നും തുടരുന്നു. എന്തായാലും, ഗലാത്തിയ പ്രദേശത്തുടനീളം ചെറു സമൂഹങ്ങൾ സ്ഥാപിക്കുന്നതിൽ, തൻറെ അശ്രാന്തമായ സുവിശേഷത്ക്കരണ പ്രവർത്തനത്തിലൂടെ അപ്പസ്തോലൻ വിജയിച്ചു എന്ന് നമുക്കു കാണാം. ഒരു നഗരത്തിൽ, ജനങ്ങൾക്കിടയിൽ, ഒരു പ്രദേശത്ത് എത്തിയ പൗലോസ്, ഉടൻ തന്നെ ഒരു വലിയ കത്തീദ്രൽ പണിയുകയല്ല ചെയ്തത്. നമ്മുടെ ഇന്നത്തെ ക്രിസ്തീയ സംസ്ക്കാരത്തിൻറെ പുളിമാവായ ചെറുസമൂഹങ്ങൾ രൂപീകരിക്കുകയാണ് ചെയ്തത്. ഈ ചെറിയ കമ്മ്യൂണിറ്റികൾ വളർന്നു, വളർന്നു, മുന്നോട്ട് പോയി. ഇന്ന്, എല്ലാ മിഷനറി മേഖലയിലും ഈ ഇടയ രീതി ഉപയോഗിക്കുന്നു. കഴിഞ്ഞ ആഴ്ച, പപ്പുവ ന്യൂ ഗ്വിനിയയിലെ ഒരു മിഷനറിയിൽ നിന്ന്, ഒരു കത്ത് ലഭിച്ചു. യേശുക്രിസ്തു ആരാണെന്ന് പോലും അറിയാത്ത ആളുകൾക്ക് അദ്ദേഹം കാട്ടിൽ സുവിശേഷം പ്രസംഗിക്കുന്നു. ഇത് മനോഹരമാണ്! ചെറിയ സമൂഹങ്ങൾ രൂപീകരിച്ചുകൊണ്ട് ആരംഭിക്കുന്നു. ഇന്നും ഇതാണ് പ്രഥമ സുവിശേഷവത്ക്കരണത്തിൻറെ രീതി.

നാം ശ്രദ്ധിക്കേണ്ട കാര്യം പൗലോസിനുണ്ടാകുന്ന അജപാലനപരമായ ആശങ്കയാണ്. ഈ സഭകൾ സ്ഥാപിച്ചതിനു ശേഷം, വിശ്വാസവളർച്ചയ്ക്കുണ്ടാകുന്ന വലിയ അപകടത്തെക്കുറിച്ച് അദ്ദേഹം മനസ്സിലാക്കി. ഒരു ഇടയൻ അപ്പനെയൊ അമ്മയെയൊ പോലെയാണ്, അങ്ങനെയല്ലേ? മക്കൾക്കുണ്ടാകാൻ പോകുന്ന അപകടം അവർ പെട്ടെന്ന് തിരിച്ചറിയുന്നു.ആരോ പറഞ്ഞതുപോലെ, 'കഴുകന്മാർ സമൂഹത്തിൽ നാശം വരുത്താൻ വരുന്നു'. വാസ്തവത്തിൽ, യഹൂദമതത്തിൽ നിന്ന് വന്ന ചില ക്രിസ്ത്യാനികൾ അവർക്കിടയിൽ നുഴഞ്ഞുകയറുകയും അപ്പസ്തോലൻറെ പ്രബോധനങ്ങൾക്ക് വിരുദ്ധമായ സിദ്ധാന്തങ്ങൾ തന്ത്രപൂർവ്വം പ്രചരിപ്പിക്കുകയും അദ്ദേഹത്തെ അപകീർത്തിപ്പെടുത്തുകപോലും ചെയ്യുകയും ചെയ്തു. .. 'ഇത് അല്ല ,"**(no to this)** ' അത് ആണ് '**(yes to that)** എന്ന ഉപദേശത്തിൽ നിന്നാണ് അവർ ആരംഭിക്കുന്നത്, തുടർന്ന് അവർ അപ്പോസ്തലനെ നിന്ദിക്കുന്നു. ഇത് സാധാരണ രീതിയാണ്: അപ്പോസ്തലന്റെ അധികാരത്തെ ദുർബലപ്പെടുത്തുക.

**വീഡിയോ ക്യു ആർ കോഡ്**




# വിശുദ്ധർ: സന്തോഷത്തിലേക്കും ദൈവരാജ്യത്തിലേക്കുമുള്ള പാത കാണിക്കുന്നവർ

### അവതരണം: ഡോ. ലോറൻസ് തൈക്കാട്ടിൽ

പരി. പിതാവ് ഫ്രാൻസീസ് പാപ്പ നവംബർ 1ന് നൽകിയ സന്ദേശത്തിൽ വി.മത്തായിയുടെ സുവിശേഷം 5:18 ഭാഗം വായിച്ച് പാപ്പ വിശുദ്ധർ ദൈവരാജ്യത്തിലേക്കും സന്തോഷത്തിലേക്കും നയിക്കുന്ന പാത നമുക്ക് കാണിച്ചുതരുന്നു എന്ന് പ്രബോധിപ്പിച്ചു.
വിശുദ്ധർ കാണിച്ചു തരുന്ന പാത അനുകമ്പയുടേയും; താഴ്മയുടേയും; സൗമ്യതയുടേയും; നീതിയുടേയും; സമാധാനത്തിന്റെതുമാണ്. ഈ പാതയിലൂടെ നടക്കുക എന്നതാണ് വിശുദ്ധനാകാനുള്ള വഴി. ഈ വിശുദ്ധ ജീവിതരീതിക്ക് രണ്ട് വശങ്ങളുണ്ട്: സന്തോഷവും പ്രവചനവും.

പരി. പിതാവ് ഫ്രാൻസീസ് പാപ്പ സകല വിശുദ്ധരുടേയും തിരുനാൾ ദിനമായ നവംബർ 1ന് നൽകിയ സന്ദേശത്തിൽ വി.മത്തായിയുടെ സുവിശേഷം 5:18 ഭാഗം വായിച്ച് വിശുദ്ധർ ദൈവരാജ്യത്തിലേക്കും സന്തോഷത്തിലേക്കും നയിക്കുന്ന പാത നമുക്ക് കാണിച്ചുതരുന്നു എന്ന് പ്രബോധിപ്പിച്ചു.

## സന്തോഷം

സന്തോഷത്തിന്റെ സുവിശേഷമാകാനുള്ള ആഹ്വാനമായി ലോകത്തെ എപ്പോഴും അഭിമുഖീകരിക്കുന്ന ഫ്രാൻസീസ് പാപ്പ നമ്മളെല്ലാവരും ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളാണെന്ന കണ്ടെത്തലാണ് ഒരു വ്യക്തിയെ യഥാർത്ഥത്തിൽ സന്തോഷം കൊണ്ട് നിറക്കുന്നത് എന്ന് പഠിപ്പിക്കുന്നു. ഈ സന്തോഷം മാനുഷിക നേട്ടമല്ല മറിച്ച് നമുക്ക് ലഭിക്കുന്ന ദൈവിക സമ്മാനമാണ്. പരിശുദ്ധനായ ദൈവം നമ്മിൽ വസിക്കാൻ വരുന്നതിനാൽ നാം അനുഗ്രഹീതരാണ്, വിശുദ്ധരാണ്, സന്തോഷമുള്ളവരാണ്.

അതിനാൽ ക്രിസ്ത്യാനിയുടെ സന്തോഷം ക്ഷണികമായ വികാരമോ, മാനുഷികമായ ശുഭാപ്തി വിശ്വാസമോ അല്ല മറിച്ച് ദൈവം തരുന്ന ശക്തിയാൽ എല്ലാ പ്രതികൂല സാഹചര്യങ്ങളേയും മറികടന്ന് സന്തോഷത്തിലാകാനുള്ള വിളിയാണ്.

വിശുദ്ധർ ഈ സന്തോഷം അനുഭവിച്ചവരാണ്. സന്തോഷമില്ലാത്ത വിശ്വാസം കഠിനവും അടിച്ചമർത്തുന്നതുമായ ഒരു അഭ്യാസമാകും. അത് ദുരന്ത പൂർണ്ണമായ രോഗബാധ പോലെയാണ് എന്ന് പാപ്പ പ്രബോധിപ്പിച്ചു. 399 ൽ മരണമടഞ്ഞ ക്രിസ്ത്യൻ മിസ്റ്റിക് എഴുത്തുകാരനായ ഈജിപ്തിലെ മരുഭൂമിയിലെ പിതാവായ **Evagrius- Ponticus** നെ ഉദ്ധരിച്ച് പാപ്പാ പഠിപ്പിക്കുന്നു. 'ഹൃദയത്തിൽ തുളച്ചുകയറി ജീവിതത്തെ നശിപ്പിക്കുന്ന ഒരു പുഴുവാണ് ദു'ഖം. 'പാപ്പാ ചോദിക്കുന്നു:

നാം സന്തോഷമുള്ളവരാണോ?

നാം സന്തോഷം പരത്തുന്നവരാണോ?

അതോ ദു'ഖിതരും ശവസംസ്കാര മുഖമുള്ളവരുമാണോ?

പാപ്പാ ഓർമ്മിപ്പിക്കുന്നു സന്തോഷമില്ലാതെ വിശുദ്ധിയില്ല, തീർച്ച.

## പ്രവചനം

രണ്ടാമത്തെ വശം പ്രവചനം.

ഒരു പുതിയ മാനവികതയുടെ, പുതിയ ജീവിത രീതിയുടെ പ്രവചനമാണ് പാപ്പയ്ക്ക് അഷ്ടാംഗഭാഗ്യങ്ങൾ.

സാധാരണ പ്രകൃതിക്ക് എതിരായി ദരിദ്രരും, ദുരിതമനുഭവിക്കുന്നവരും, നീതിക്കായ് സഹിക്കുന്നവരും അനുഗ്രഹീതരാകുമെന്നാണ് ഈശോ പറയുന്നത്.

എന്നാൽ ലോകം പറയുന്നത് സന്തോഷം ലഭിക്കാൻ സമ്പന്നനും ശക്തനും പ്രശസ്തനും മറ്റുമാകണമെന്നാണ്. ലോകത്തിന്റെ ഈ മാനദണ്ഡങ്ങളെ മാറ്റിയുള്ള യേശുവിന്റെ പ്രവചന പ്രഖ്യാപനമാണ് അഷ്ടാംഗഭാഗ്യമെന്നാന്ന് പാപ്പാ ഊന്നി പറയുന്നത്.

ഇതാണ് പാപ്പാക്ക് വിശുദ്ധിയുടെ പ്രവചനമാനം. ഇതു കണ്ടെത്തുന്നവർ സന്തോഷം കണ്ടെത്തുന്നു.

സ്വയം ചെറുതാകുകയും, സൗമ്യതയുള്ളവരാകുകയും, കാരുണ്യമുള്ളവരാകുകയും, നീതിബോധമുള്ളവരാകുകയും, സമാധാന പ്രിയരാകുകയും, സ്വയം സമർപ്പിക്കുന്നവരാകുകയും ആയി നാം മാറണം.

ജീവിത വിശുദ്ധിയെന്നത് ഈ വിപ്ലവകരമായ പ്രവചനം ദൈവസഹായത്തോടെ സ്വീകരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുകയാണ്.

## സാക്ഷ്യം വഹിക്കുന്നുണ്ടോ?

സകല വിശുദ്ധരെ സ്മരിക്കുന്ന വേളയിൽ നാം സ്വയം ചോദിക്കണം:

ഈശോയുടെ പ്രവചനത്തിന് ഞാൻ സാക്ഷ്യം വഹിക്കുന്നുണ്ടോ?

മാമോദീസായിൽ ലഭിച്ച പ്രവചന ചൈതന്യം ഞാൻ കാണിക്കുന്നുണ്ടോ?

ലോകം നൽകുന്ന ജീവിത സൗകര്യങ്ങൾ ആസ്വദിച്ച് അലസതയോടെ എനിക്ക് സുഖമായതുകൊണ്ട് എല്ലാം ശരിയാണെന്ന് കരുതുന്നുണ്ടോ?

ഈശോയുടെ സന്തോഷത്തിന്റെ പുതുമയുടെ പ്രവചനം ഏറ്റെടുക്കുന്നുണ്ടോ അതോ എല്ലാ പ്രശ്നങ്ങൾക്കും കുറ്റം പറയുന്നവരാണോ നാം?

ഈ ചോദ്യങ്ങൾക്ക് ഉത്തരം കാണേണ്ട നാം കർത്താവിനെ സന്തോഷത്തോടെ മഹത്വപ്പെടുത്തി നമുക്കു മാതൃകയും നമ്മെ സന്തോഷത്താൽ നിറക്കുന്നവളുമായ പരി. കന്യകാമറിയത്തിൽ അഭയം തേടണമെന്ന ആഹ്വാനത്തോടെ പാപ്പ സകല വിശുദ്ധരുടെ തിരുന്നാൾ സന്ദേശം ഉപസംഹരിക്കുന്നു.

നമുക്ക് സകല വിശുദ്ധരുടേയും മാദ്ധ്യസ്ഥ്യം തേടി സന്തോഷമുള്ളവരാകാം.

**വീഡിയോ ക്യൂ ആർ കോഡ്**



# വാഴ്ത്തപ്പെട്ട ദേവസഹായം പിളള വിശുദ്ധരുടെ ഗണത്തിലേക്ക്



**അഗസ്റ്റിൻ കണിപ്പിള്ളി**

**തീ**ക്ഷ്ണമായ ക്രിസ്തീയ വിശ്വാസത്തിന്റെ പേരിൽ രക്തസാക്ഷിത്വം വരിച്ച , വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള 2022 മെയ് 15 ന് വിശുദ്ധരുടെ ഗണത്തിലേക്ക്.

ഒരു അല്മായനായ ദേവസഹായത്തിന്റെ വിശുദ്ധ പദവി ഭാരത കത്തോലിക്കാ സഭയ്ക്കും പ്രത്യേകിച്ച് കേരള സഭയ്ക്കും കൈവന്ന ഒരു സ്വർഗീയ അംഗീകാരമാണ്.

ക്രിസ്തീയ വിശ്വാസം ഉപേക്ഷിക്കാൻ തയ്യാറാകാത്തതിന്റെ പേരിൽ തമിഴ്നാട്ടിലെ കാറ്റാടി മലയിൽ വച്ച് 1752 ജനുവരി 14 വെള്ളിയാഴ്ച വെടിയേറ്റു മരിക്കേണ്ടി വന്ന ദേവസഹായം പിള്ളയെ 2003 ഡിസംബർ ഇരുപത്തിരണ്ടാം തിയതി ദൈവദാസൻ എന്ന പദവിയിലേക്ക് ഉയർത്തുകയും 2012 ജൂൺ 26 ന് ബനഡിക്ട് പാപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ട വനായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു..
തമിഴ് നാട്ടിലെ കന്യാകുമാരി ജില്ലയിൽ ഉൾപ്പെട്ട തിരുവിതാംകൂർ സംസ്ഥാനത്തിന്റെ തലസ്ഥാനമായിരുന്ന പത്മനാഭപുരത്തിനു സമീപം നട്ടാലം ഗ്രാമത്തിൽ മരുതൂർകുളങ്ങര നായർ കുടുബത്തിൽ വാസുദേവൻ നമ്പൂതിരിയുടേയും ദേവകി അമ്മയുടെയും മകനായി 1712 ഏപ്രിൽ 23 ാം തിയതി ദേവസഹായം പിള്ള ജനിച്ചു. നീലകണ്ഠപിള്ള എന്നായിരുന്നു മാതാപിതാക്കൾ അദ്ദേഹത്തിന് നൽകിയിരുന്ന പേര് . സംസ്കൃതം, തമിഴ്, മലയാളം എന്നീ ഭാഷകളിൽ പാണ്ഡിത്യം നേടിയ അദ്ദേഹം തർക്കം വ്യാകരണം ആയുധാഭ്യാ

സം എന്നിവയിലും പ്രഗൽഭനായിരുന്നു. മേയ്ക്കോട് കുടുംബാംഗമായ ഭാർഗവി അമ്മയാണ് ഭാര്യ.

നീലകണ്ഠപിള്ളയുടെ ബുദ്ധി സാമർത്ഥ്യം കേട്ടറിഞ്ഞ മാർത്താണ്ഡ വർമ്മ മഹാരാജാവ് അദ്ദേഹത്തെ പത്മനാഭപുരം കൊട്ടാരത്തിലെ കാര്യ വിചാരകനായി നിയമിച്ചു. അക്കാലത്താണ് കുളച്ചൽ യുദ്ധം ഉണ്ടായത്. കുളച്ചൽ യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ടവരുടെ തലവനായ ഡീലനോയിലിനെ പത്മനാഭപുരത്തിന് സമീപം ഉദയഗിരിയിലാണ് പാർപ്പിച്ചിരുന്നത്. സമയം കിട്ടുമ്പോഴൊക്കെ നീലകണ്ഠപിള്ള ഉദയഗിരിയിലെത്തി ഡിലനോയിലിനെ സന്ദർശിക്കുമായിരുന്നു. ഈ സന്ദർശനം അവരെ ആത്മമിത്രങ്ങളാക്കി . മാത്രവുമല്ലാ, വിജ്ഞാന ദാഹിയായിരുന്ന നീലകണ്ഠപിള്ള ഡീലനോയിയിൽ നിന്ന് ക്രിസ്തുവിനെക്കുറിച്ചും ക്രിസ്തുമതത്തേക്കുറിച്ചും . കുടുതൽ പഠിക്കുകയും അറിയുകയും ചെയ്തു. സത്യദൈവത്തെക്കുറിച്ച് കൂടുതൽ അറിവു നേടിയ നീലകണ്ഠപിള്ള ക്രിസ്തുമതം സ്വീകരിക്കാൻ തീരുമാനിക്കു കയും 1745 ൽ വടക്കൻ കുളം ഇടവക വികാരി ഫാ ജോൺ ബാപ്റ്റിസ്റ്റ് ബുട്ടാരിയിൽ നിന്ന് ജ്ഞാനസ്നാനവും , ദേവസഹായം എന്ന പേരും സ്വീകരിച്ചു. തുടർന്ന് കുറച്ചു കാലത്തിനുള്ളിൽ ദേവസഹായത്തിന്റെ ഭാര്യ ഭാർഗവിയമ്മ മാനസാന്തരപ്പെടുകയും ത്രേസ്യാ എന്നർത്ഥം വരുന്ന ജ്ഞാനപ്പു എന്ന പേരിൽ ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു.

നീലകണ്ഠപിള്ള ക്രിസ്തുമതം സ്വീകരിച്ചു എന്ന വിവരമറിഞ്ഞ് തിരുവിതാംകൂർ രാജകുടുംബം കോപാകുലരായി. ഏതു വിധേനയും ദേവസഹായത്തെക്കൊണ്ട് ക്രിസ്തുമതം ഉപേക്ഷിപ്പിക്കുന്നതിനുള്ള നീക്കമായിരുന്നു രാജാവിന്റെ ഭാഗത്തു നിന്നുണ്ടായത്. രാജഭരണത്തിന്റെ ഈ നീക്കം പിന്നീട് ദേവസഹായത്തിന് സമ്മാനിച്ചത് കൊടിയ പീഡനങ്ങളുടെ കാലമാണ്. ഇതിനിടെ രാജകല്പനയനുസരിച്ച് ദേവസഹായത്തെ പിടികൂടാൻ വന്ന രാജഭടൻമാരെ ഡീലനോയി സ്വാധീനിച്ച് ദേവസഹായം പിള്ളയെ ജസ്യൂട്ട് വൈദികനായ ഫാ. പീറ്റർ പെരേര യുടെ അടുക്കൽ അയച്ച് കുമ്പസാരിക്കുന്നതിനും ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനും അവസരം ഒരുക്കിക്കൊടുത്തു. അതിനുശേഷം രാജഭടൻമാരോടൊപ്പം പോയ ദേവസഹായത്തെ ഔദ്യോഗിക വസ്ത്രമെല്ലാം മാറ്റി ഒരു കുറ്റക്കാരനെപ്പോലെ അവർ രാജസന്നിധിയിൽ ഹാജരാക്കി. ജ്ഞാനസ്നാനം സ്വീകരിച്ച് നാലു വർഷത്തിനു ശേഷമാണ് മതപരിവർത്തനം ആരോപിച്ച് ദേവസഹായം തടവിലാക്കപ്പെടുന്നത്.

തടവറയിലെ ക്രൂര പീഡനങ്ങൾക്കു പുറമേ അദ്ദേഹത്തെ ജനങ്ങൾക്കു മുൻപിൽ കൂടുതൽ അപഹാസ്യനാക്കുന്നതിനുള്ള ശ്രമങ്ങളും രാജാവിന്റെ ഭാഗത്തു നിന്നുണ്ടായി. കഴുത്തിൽ എരുക്കിൻ പൂമാലയിട്ട് പോത്തിന്റെ പുറത്തിരുത്തി തെരുവീഥികളിലൂടെ കൊണ്ടു നടന്നു. ശരീരം മുഴുവൻ ചാട്ടവാറുകൊണ്ട് അടിച്ച് പൊട്ടിച്ച ശേഷം മുറിവുകളിൽ മുളക് അരച്ചു തേച്ച് വെയിലത്തു കിടത്തി. മൃഗത്തെ എന്ന പോലെ മരത്തിൽ ചങ്ങല കൊണ്ടു ബന്ധിച്ചു. കുടിക്കാൻ വെള്ളവും ഭക്ഷണവും നൽകാതെ പട്ടിണിക്കിട്ടു. ക്രിസ്തുമതം ഉപേക്ഷിക്കാൻ ഉദ്യോഗസ്ഥരെക്കൊണ്ടും സ്നേഹിതരെക്കൊണ്ടും ബന്ധുക്കളെക്കൊണ്ടും സമ്മർദ്ദം ചെലുത്തി. എന്നാൽ അവരോടെല്ലാം ദേവസഹായം ക്രിസ്തുവിനേക്കുറിച്ചും അവിടുത്തെ സ്നേഹത്തേയും കരുതലിനേയുംകുറിച്ചുമാണ് സംസാരിച്ചത്. ഇതോടെ കോപാകുലനായ രാജാവ് പീഡനങ്ങളുടെ ശക്തി വർദ്ധിപ്പിക്കുകയും ദേവസഹായത്തെ കയ്യും കാലും ബന്ധിച്ച് കാരാഗൃഹത്തിൽ അടയ്ക്കുകയും ചെയ്തു.

പീഡനങ്ങളുടെ കാഠിന്യം കൂടുന്തോറും ദേവസഹായം ദൈവത്തിൽ കൂടുതൽ ആശ്രയിക്കുകയും, പീഡനങ്ങൾ സഹിക്കാൻ ശക്തി തരണമെന്നും, പീഡകരോട് ക്ഷമിക്കണമേയെന്നും തീക്ഷണമായി പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

ഒരിക്കൽ ബന്ധനസ്ഥനായ ദേവസഹായത്തെ ഉച്ചവെയിലിൽ പുലിയൂർ കുറിശിയിലെ ഒരു പാറപ്പുറത്ത് ഇരുത്തിയിട്ട് പടയാളികൾ ഒരു വൃക്ഷച്ചുവട്ടിൽ വിശ്രമിക്കുകയായിരുന്നു. ദാഹിച്ചു വലഞ്ഞ ദേവസഹായം കുടിക്കാൻ വെള്ളം ചോദിച്ചപ്പോൾ ചപ്പുചവറുകൾ ചീഞ്ഞ് ദുർഗന്ധം വമിക്കുന്ന കുറച്ചു വെള്ള

മാണ് നൽകപ്പെട്ടത്. ദാഹം ശമിക്കാതെ കുറച്ചു വെള്ളം കൂടി ആവശ്യപ്പെട്ട ദേവസഹായത്തെ കുപിതരായ പടയാളികൾ ക്രൂരമായി മർദ്ദിക്കുകയും പാറപ്പുറത്തേക്ക് തള്ളിയിടുകയും ചെയ്തു. ദാഹവും വേദനയും തളർത്തിയ ദേവസഹായം അത്യന്തം സങ്കടത്തോടെ കർത്താവിനെ വിളിച്ച് ഇങ്ങനെ പ്രാർത്ഥിച്ചു കൊണ്ട് ചങ്ങലയിട്ട കൈകളുടെ മുട്ട് കൊണ്ട് പാറയിലിടിച്ചു. തൽക്ഷണം പാറ പിളർന്ന് ജലപ്രവാഹമുണ്ടായി. ഇതിൽ നിന്നും ദാഹം തീർത്ത ദേവസഹായം ദൈവത്തെ സ്തുതിക്കുകയും നന്ദി പറയുകയും ചെയ്തു . ഇന്ന് ഈ സ്ഥലം മുട്ടിടിച്ചാൻ പാറ എന്ന പേരിലാണ് അറിയപ്പെടുന്നത്. മുട്ടിടിച്ചാൻ പാറയിൽ മിഖായേൽ മാലാഖയുടെ പേരിൽ പണി തീർത്ത ദേവാലയ മുറ്റത്ത് പാറയിൽ ഇന്നും ഈ നീരുറവ കാണാം. അനേകായിരങ്ങൾ ഈ നീരുറവയിൽ നിന്ന് വെള്ളം കുടിച്ച് നിർവൃതിയടയാറുണ്ട്.

ദേവസഹായം വഴി ദൈവം പ്രവർത്തിച്ച ഈ അത്ഭുതം കൂടി കേട്ടറിഞ്ഞതോടെ സമീപപ്രദേശങ്ങളിൽ നിന്നുള്ള ജനങ്ങൾ ആ പുണ്യ പുരുഷനെ കാണുന്നതിനും അനുഗ്രഹം വാങ്ങുന്നതിനുമായി അദ്ദേഹത്തെ തേടിയെത്താൻ തുടങ്ങി. ദേവസഹായത്തിന്റെ പ്രാർത്ഥനയാലും അനുഗ്രഹത്താലും അനേകം പേർ രോഗമുക്തരാകുകയും സന്തോഷം അനുഭവിക്കുകയും ചെയ്തു. ദേവസഹായം വഴി ജനങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളിൽ അസ്വസ്ഥരായ രാജഭരണം അദ്ദേഹത്തെ കൊടിയ പീഡനങ്ങൾക്കിരയാക്കിക്കൊണ്ടിരുന്നു. ഒരിക്കൽ പെരുവിള ആരാച്ചാരുടെ നേതൃത്വത്തിൽ ദേവസഹായത്തെ ഉണങ്ങിയ ഒരു വേപ്പുമരത്തിൽ കെട്ടിയിട്ടു. ഇലകളില്ലാത്ത മരത്തിൽ ചുവട്ടിൽ വെയിലത്ത് കിടത്തി കഷ്ടപ്പെടുത്തുകയായിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ നിമിഷങ്ങൾക്കകം ആ മരം തളിർത്ത് അവിടെങ്ങും തണൽ വിരിച്ചു. ഇതു കണ്ട് അത്ഭുതപ്പെട്ടതല്ലാതെ ആരാച്ചാരും കൂട്ടരും പീഡനം നിർത്തിയില്ല. പിന്നീട് ദേവസഹായത്തിന്റെ പ്രാർത്ഥനയുടെ ഫലമായി സന്താനഭാഗ്യം ലഭിച്ച പെരുവിള ആരാച്ചാർ തടങ്കലിൽ നിന്ന് രക്ഷപ്പെടുവാൻ അവസരം ഉണ്ടാക്കിക്കൊടുത്ത് ഉപദേശിച്ചിട്ടും അദ്ദേഹം അതിനു തയ്യാറായില്ല. ദേവസഹായത്തെ വിഷം നൽകി വധിക്കാനും ഇതിനിടയിൽ ശ്രമമുണ്ടായി. വിഷം ചേർത്തു കുടിക്കാൻ നൽകിയ പാനീയം വാങ്ങി അതിൽ കുരിശടയാളം വരച്ച ശേഷം കുടിച്ച ദേവസഹായത്തിന് ഒരാപത്തും സംഭവിച്ചില്ല. ഈ പീഡനങ്ങൾ മൂന്നു വർഷക്കാലം നീണ്ടു നിന്നു. യേശുവിന്റെ പീഡാസഹനത്തെയോർത്ത് ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്ന ദേവസഹായം സ്വർഗീയ സന്തോഷം അനുഭവിച്ചിരുന്നു.

## ഇന്നും മണിനാദം കേൾക്കാം

ദേവസഹായത്തിന്റെ കീർത്തി നാടെങ്ങും കാട്ടുതീ പോലെ പരന്നു. മന:സമാധാനവും രോഗസൗഖ്യവും തേടി അനേകം പേർ ദേവസഹായത്തിനടുത്തേക്ക് ഓടിയെത്തി. ദേവസഹായത്തിന്റെ പ്രവൃത്തികൾ പടയാളികൾക്കിടയിലും ചലനങ്ങൾ ഉണ്ടാക്കി. ഒരിക്കൽ ചത്തുപോയ ഒരാടിന് ദേവസഹായം പ്രാർത്ഥിച്ച് ജീവൻ കൊടുത്തു. ഇതു കൂടിയായപ്പോൾ പടയാളികളിൽ ചിലരും ദേവസഹായത്തിൽ ആകൃഷ്ടരായി. ഇതെല്ലാം അറിഞ്ഞ് , ഈ നാടു മുഴുവൻ ദേവസഹായത്തോടൊപ്പം പോകുമെന്ന് ഭയന്ന രാജാവ് ഏതു വിധേനയും ദേവസഹായത്തെ ഇല്ലായ്മ ചെയ്യാൻ തീരുമാനിച്ചു.വളരെ രഹസ്യമായി ദേവസഹായത്തെ കാറ്റാടി മലങ്കാട്ടിൽ കൊണ്ടുപോയി വെടിവച്ചു കൊല്ലാൻ രാജാവ് ആജ്ഞ പുറപ്പെടുവിച്ചു. 1752 ജനുവരി 14 വെള്ളിയാഴ്ച അരുവായ്മൊഴിക്കടുത്തു കാറ്റാടി മലയിൽ വച്ച് ദേവസഹായത്തെ അവർ വെടിവച്ചു കൊന്നു. അദ്ദേഹം വെടിയേറ്റു വീണ സമയം, കാറ്റാടിപ്പാറയുടെ പടിഞ്ഞാറു വശത്തു നിന്ന് ഒരു വലിയ ഭാഗം അടർന്നു വീണു. അപ്പോൾ മണി നാദം പോലെ ഒരു ശബ്ദം ഉണ്ടായി. മാത്രവുമല്ല ആ പ്രദേശമാകെ പ്രകാശപൂരിതമാകുകയും ചെയ്തു. അടർന്നു വീണ പാറയിൽ തട്ടിയാൽ ഇന്നും മണി നാദം കേൾക്കാം.

മരിക്കുമ്പോൾ ദേവസഹായത്തിന് 40 വയസായിരുന്നു പ്രായം. വെറും ഏഴു വർഷം മാത്രമാണ് അദ്ദേഹത്തിന് ക്രിസ്തീയ വിശ്വാസജീവിതം നയിക്കാനായുള്ളുവെങ്കിലും നൂറ്റാണ്ടുകൾ കടന്നുപോയിട്ടും ഒളിമങ്ങാതെ ആ പുണ്യജീവിത സ്മരണകൾ ജനഹൃദയങ്ങളിൽ പൂത്തുലഞ്ഞു നിൽക്കുന്നു.




# വിശ്വാസത്തിൽ ഇരട്ടത്താപ്പ് പാടില്ല : മാർപാപ്പ

ഞായറാഴ്ചത്തെ സുവിശേഷ വായനയെ അനുസ്മരിച്ചുകൊണ്ട് ഫ്രാൻസിസ് മാർപപാപ്പ പറയുന്നത്, തങ്ങളുടെ വിശ്വാസത്തിൽ ഇരട്ടത്താപ്പോടെ ജീവിക്കുന്നവരെപ്പോലെ ആകാതിരിക്കാൻ ' നാം ജാഗ്രത പാലിക്കണം' എന്നാണ്. ഈ വായനയിൽ വിവരിച്ചിരിക്കുന്ന വിധവയുടെ ആത്മാർത്ഥത നാം 'കാണണം', ദൈവത്തോടുള്ള അവരുടെ എളിയ സ്നേഹം എല്ലാവർക്കും ഒരു മാതൃകയാണ്.

ത്രികാല ജപത്തിന് നേതൃത്വം നൽകുന്നതിന് മുമ്പുള്ള തന്റെ മതബോധനത്തിൽ, ഇന്നത്തെ സുവിശേഷത്തിലെ രണ്ട് രംഗങ്ങൾ ഫ്രാൻസിസ് മാർപാപ്പ വിവരിച്ചു: ജറുസലേം ദേവാലയത്തിനുള്ളിൽ, 'വിധവകളുടെ വീടുകൾ വിഴുങ്ങുകയും ക്രമത്തിൽ ദീർഘമായ പ്രാർത്ഥനകൾ ചൊല്ലുകയും ചെയ്യുമ്പോൾ, അഭിവാദ്യം ചെയ്യപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്നതിൽ സന്തോഷിക്കുന്ന നിയമജ്ഞരെ നാം കാണുന്നു. അക്കാലത്ത് ചൂഷണം ചെയ്യപ്പെട്ടവരിൽ ഒരാളായ ദരിദ്രയായ വിധവയെ നാം കാണുന്നത്, 'അവൾക്ക് ജീവിക്കാനുള്ള വക മുഴുവനും ജീവിതവും ദേവാലയ ഭണ്ഡാരത്തിൽ നാണയങ്ങളായി ഇടുന്നു.

അവരെപ്പോലെ ആകാതിരിക്കാൻ നിയമജ്ഞരെപ്പോലെ തങ്ങളുടെ വിശ്വാസത്തിൽ കാപട്യത്തോടെ ജീവിക്കുന്നവരെ ' നാം സൂക്ഷിച്ചുകൊള്ളണം'; അതേസമയം, ആത്മാർത്ഥതയും വിനയവും ദൈവത്തോടുള്ള സ്നേഹവും നമുക്ക് പിന്തുടരാനുള്ള മാതൃകയായ വിധവയെ നാം 'കാണണം'.

ഈ സുവിശേഷ സന്ദേശം നമ്മുടെ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കിക്കൊണ്ട്, നാമും നമ്മുടെ ജീവിതത്തിൽ കാപട്യങ്ങൾ ഉണ്ടാകാതിരിക്കാനും നമ്മുടെ രൂപത്തിലും ബാഹ്യമായ കാര്യങ്ങളിലും സ്വന്തം പ്രാധാന്യത്തെക്കുറിച്ചും കൂടുതലായി ശ്രദ്ധിക്കണമെന്നും പാപ്പാ പറഞ്ഞു.

കാപട്യം 'ആത്മാവിന്റെ അപകടകരമായ അസുഖം' ആയിരിക്കാം, അദ്ദേഹം മുന്നറിയിപ്പ് നൽകി. വിശ്വാസത്തിൽ കൃത്രിമം കാണിക്കുന്നത് ഏറ്റവും മോശമായ കാര്യമാണ്, അതിനാൽ അത് നമ്മുടെ താൽപ്പര്യങ്ങൾ നിറവേറ്റുന്നു, ദൈവനാമത്തിൽ നിയമജ്ഞർ മതത്തെ സ്വന്തം കാര്യങ്ങൾക്കായി ഉപയോഗിക്കുകയും തങ്ങളുടെ അധികാരം ദുരുപയോഗം ചെയ്യുകയും ദരിദ്രരെ ചൂഷണം ചെയ്യുകയും ചെയ്തുവെന്ന് മാർപ്പാപ്പ മുന്നറിയിപ്പ് നൽകി.

'ഇത് എല്ലാ കാലത്തും എല്ലാവർക്കും ഉള്ള ഒരു മുന്നറിയിപ്പാണ്,' സഭയ്ക്കും സമൂഹത്തിനും വേണ്ടിയുള്ള ഒരു മുന്നറിയിപ്പാണ്, പാവപ്പെട്ടവരിൽ നിന്ന് പണം സമ്പാദിക്കാൻ നമ്മുടെ അധികാരസ്ഥാനം ഒരിക്കലും ദുരുപ

യോഗം ചെയ്യരുതെന്ന് മാർപ്പാപ്പ ഊന്നിപ്പറഞ്ഞു.ദൈവത്തോടും അയൽക്കാരോടും, പ്രത്യേകിച്ച് ഏറ്റവും ആവശ്യമുള്ളവരെ എങ്ങനെ സേവിക്കാൻ കഴിയും എന്നതിലുപരി, നാം നമ്മിൽത്തന്നെ എത്രമാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നുവെന്ന് സ്വയം ചോദിക്കണമെന്ന് അദ്ദേഹംനിർദ്ദേശിച്ചു.

**ദൈവത്തിന്റെ സമൃദ്ധമായ സ്നേഹത്തിൽ ആശ്രയിക്കുക**

ഇന്നത്തെ സുവിശേഷത്തിൽ, ദരിദ്രയായ വിധവയെ കാണാൻ യേശു നമ്മെ ക്ഷണിക്കുന്നു, അവൾ തന്റെ കാണിക്കയിലൂടെ തനിക്കുള്ളതെല്ലാം ദേവാലയ ഭണ്ഡാരത്തിലേക്ക് നൽകിയതെങ്ങനെയെന്ന് ചിന്തിക്കുക. അവൾക്കായുള്ളതെല്ലാം എല്ലാം ദൈവം നൽകുമെന്ന ഉറപ്പോടെയാണ് അവൾ അങ്ങനെ ചെയ്യുന്നത്.

അവൾ എല്ലാവർക്കും ഒരു മാതൃകയാണ്, കാരണം 'അവൾ ദൈവത്തിന്റെ സമൃദ്ധിയിൽ ആശ്രയിക്കുന്നു, അവൻ നൽകുന്നവരുടെ സന്തോഷം വർദ്ധിപ്പിക്കുന്നു.' അതുകൊണ്ടാണ് യേശു അവളെ വിശ്വാസത്തിന്റെ അദ്ധ്യാപികയായി ചൂണ്ടിക്കാണിക്കുന്നത്, 'അവൾ അവളുടെ ഹൃദയത്തിൽ നിന്ന് ഉദാരമായും സ്വതന്ത്രമായും നൽകുന്നു,' അവളുടെ കുറച്ച് നാണയങ്ങളുടെ ശബ്ദങ്ങൾ 'സമ്പന്നരുടെ മഹത്തായ വഴിപാടുകളേക്കാൾ മനോഹരമാണ് '. പൂർണ്ണഹൃദയത്തോടെ ദൈവത്തിന് ആത്മാർത്ഥമായി സമർപ്പിച്ച ജീവിതമായിരുന്നു ആ വിധവയുടേത്. ദരിദ്രയായ വിധവയെപോലെനിന്ന് 'ബാഹ്യമായ ചമയങ്ങളില്ലാതെ' ഉള്ള വിശ്വാസം വളർത്തിയെടുക്കാൻ മാർപ്പാപ്പ ആഹ്വാനം ചെയ്തു, ആന്തരിക ആത്മാർത്ഥതയും 'ദൈവത്തോടും നമ്മുടെ സഹോദരീസഹോദരാരോടും ഉള്ള എളിയ സ്നേഹം' അടയാളപ്പെടുത്തികൊണ്ടായിരിക്കണം ഇത്.

**വീഡിയോ ക്യൂ ആർ കോഡ്**




2021 നവംബർ 12 ന് മാർപാപ്പയുടെ റേഡിയോ അതിന്റെ 90ാം വാർഷികം ആഘോഷിച്ച വേളയിൽ വത്തിക്കാൻ റേഡിയോയിലെ ജീവനക്കാർക്ക് ഫ്രാൻസിസ് മാർപാപ്പ ഒരു സന്ദേശം അയച്ചു.

'പ്രിയ സഹോദരീ സഹോദരരേ, വാർഷികാശംസകൾ.'

69 രാജ്യങ്ങളിൽ നിന്നുള്ള ജീവനക്കാരുടെ പ്രവർത്തനത്തിനും ' നിങ്ങൾ അതിൽ ചെലുത്തിയ

സ്നേഹത്തിനും‘ പാപ്പ നന്ദി പറഞ്ഞു.
‘നമ്മുടെ ചരിത്രത്തിന്റെ സ്മരണ നിലനിർത്തേണ്ടത് പ്രധാനമാണ്, കൂടാതെ ഭൂതകാലത്തെക്കുറിച്ച് ഗൃഹാതുരത്വം പുലർത്താതിരിക്കുക, ഭാവി കെട്ടിപ്പടുക്കാൻ നമ്മെ വിളിക്കുന്നു,‘ അദ്ദേഹം കൂട്ടിച്ചേർത്തു.

റേഡിയോയുടെ വ്യാപകമായ വ്യാപനത്തെ മാർപാപ്പ പ്രശംസിച്ചു.

‘റേഡിയോയ്ക്ക് മനോഹരമായ ഒരു സ്വഭാവമുണ്ട്: അത് ഏറ്റവും ദൂരെയുള്ള സ്ഥലങ്ങളിലേക്ക് വാക്കുകളെ കൊണ്ടുപോകുന്നു,‘ അദ്ദേഹം പറഞ്ഞു. ‘ഇന്ന് ചിത്രങ്ങളും എഴുതിയ വാക്കിനോടും ഒപ്പം ഉണ്ട്.‘

‘ലോകത്തോട് സംസാരിക്കുന്നതിൽ ധൈര്യത്തോടെയും സർഗ്ഗാത്മകതയോടെയും മുന്നോട്ട് പോകുക, അങ്ങനെ കാര്യങ്ങളുടെ സത്യാവസ്ഥ കാണാൻ ഞങ്ങളെ സഹായിക്കാൻ കഴിവുള്ള ഒരു തരം ആശയവിനിമയം കെട്ടിപ്പടുക്കുക‘ പാപ്പ പറഞ്ഞു.

വത്തിക്കാൻ റേഡിയോ 1931 ഫെബ്രുവരി 12 ന് പയസ് പതിനൊന്നാമൻ മാർപാപ്പയാണ് ഉദ്ഘാടനം ചെയ്തത്.
പോപ്പിന്റെ ശബ്ദം ഭൂമിയുടെ അറ്റം വരെ എത്തിക്കാൻ ഒരു റേഡിയോ സ്റ്റേഷൻ നിർമ്മിക്കാൻ അദ്ദേഹം ഗുഗ്ലിയൽമോ മാർക്കോണിയോട് ആവശ്യപ്പെടുകയായിരുന്നു.
**വീഡിയോ ക്യു ആർ കോഡ്**




# ഭൂമി നിലവിളിക്കുന്നു അതൊരു കൂട്ടനിലവിളിയാണ്

ആഗോളതാപനത്തിന്റെ അനന്തരഫലങ്ങൾ 'ലോകകാലാവസ്ഥാ സംവിധാനങ്ങളുടെ നാശം' അഴിച്ചുവിട്ടതിനാൽ ഭൂമിയുടെ നിലവിളികളും പാവപ്പെട്ടവരുടെ നിലവിളികളും ഇപ്പോൾ എല്ലാവരുടെയും നിലവിളിയായി മാറിയെന്ന് കാലാവസ്ഥാ ശാസ്ത്രജ്ഞൻ പ്രൊഫസർ വീരഭദ്രൻ രാമനാഥൻ പറയുന്നു.
ഏതാനും ദിവസങ്ങൾക്കുള്ളിൽ, ഒക്ടോബർ 31 മുതൽ നവംബർ 12 വരെ നടക്കുന്ന 26 ാമത് യുഎൻ കാലാവസ്ഥാ വ്യതിയാന സമ്മേളനത്തിന് (COP 26) ലോക നേതാക്കൾ ഗ്ലാസ്ഗോയിൽ ഒത്തുകൂടും. ‘പാരീസ് ഉടമ്പടിയുടെയും കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള യുഎൻ ചട്ടക്കൂട് കൺവെൻഷന്റെയും ലക്ഷ്യങ്ങളിലേക്കുള്ള പ്രവർത്തനം ത്വരിതപ്പെടുത്തുക‘ എന്നതാണ് അതിന്റെ ലക്ഷ്യങ്ങളിലൊന്ന്. ഈ സുപ്രധാന മീറ്റിംഗിന്റെ ജാഗ്രതയെക്കുറിച്ച് വത്തിക്കാൻ ന്യൂസ് 2015ൽ പാരീസിൽ ഇഛജ21ലേക്കുള്ള വത്തിക്കാൻ പ്രതിനിധി സംഘത്തിന്റെ ശാസ്ത്ര ഉപദേഷ്ടാവ് പ്രൊഫസർ വീരഭദ്രൻ രാമനാഥനുമായി സംസാരിച്ചു. നമ്മൾ ഇപ്പോൾ അനുഭവിക്കുന്ന ‘വിചിത്രമായ കാലാവസ്ഥ‘ നാം വേഗത്തിൽ പ്രവർത്തിച്ചില്ലെങ്കിൽ കൂടുതൽ ഗുരുതരമാകുമെന്ന് പ്രൊഫ. രാമനാഥൻ പ്രവചിക്കുന്നു.




# വത്തിക്കാൻ പ്രബോധനങ്ങൾ ഇനി ഇന്ത്യൻ സൈൻ ഭാഷയിൽ

കൊച്ചി: വത്തിക്കാൻ പ്രബോധനങ്ങൾ ഇനി മുതൽ ഇന്ത്യൻ സൈൻ ഭാഷയിൽ. ശ്രവണ വൈകല്യമുള്ളവർക്കും സഭയുടെ പ്രബോധനങ്ങൾ ,വിശ്വാസപരമായ കാര്യങ്ങളും മാർപ്പാപ്പയുടെ സന്ദേശം എന്നിവ അറിയുന്നതിനും അവകാശമുണ്ട്.അവരെ സഹായിക്കാൻ ഇന്ത്യൻ സ!!ൈ!!ൻഭാഷയിൽ ആദ്യമായി കെ സി ബി സി മീഡിയ കമ്മീഷൻ അവതരിപ്പിക്കുന്ന പരിപാടിയാണ് സോൾ (സൈൻ ഓഫ് ലൗ ). തലശ്ശേരി ആദം മിഷന്റെ ഡയറക്ടർ ഫാ.പ്രയേഷ് , കാലടി സെന്റ് ക്ലെയർ എച്ച്.എസ്.എസിലെ സിസ്റ്റർ അഭയ എഫ്.സി.സി എന്നിവരാണ് പരിപാടിയുടെ ചുമതല വഹിക്കുന്നത്.. ഈ പരിപാടിയിലൂടെ ഇന്ത്യയിലെ ശ്രവണ വൈകൃലമുള്ള നിരവധി പേർക്ക് സഭയെ കൂടുതൽ ആഴത്തിൽ അറിയുവാനും പഠിക്കുവാനും ഇതിലൂടെ സാധിക്കും. കെസിബിസി മീഡിയ കമ്മീഷൻ ചെയർമാൻ മാർ ജോസഫ് പാംപ്ലാനി പരിപാടി ഉദ്ഘാടനം ചെയ്തു. പ്രോഗ്രാമിന്റെ സ്വച്ച് ഓൺ കർമ്മം ചലച്ചിത്ര താരം ടിനി ടോം നിർവഹിച്ചു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ.ജേക്കബ് ജെ പാലയ്ക്കാപ്പിള്ളി, ജോൺ പോൾ,ഫാ.ഏബ്രഹാം ഇരിമ്പിനിക്കൽ, ഫാ. അലക്സ് ഓണമ്പിള്ളി,ഫാ.മിൽട്ടൺ, ഫാ.പ്രയേഷ് , സിസ്റ്റർ അഭയ എഫ്.സി.സി എന്നിവർ പ്രസംഗിച്ചു.






# കൊച്ചിയുടെ മദർ തെരേസയ്ക്ക് കെസിബിസി മീഡിയ കമ്മീഷന്റെ ആദരം

കൊച്ചി: ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന് മാതൃകയായ കൊച്ചിയുടെ മദർ തെരേസയെന്ന് അറിയപ്പെടുന്ന അപ്പസ്തോലിക്ക് സിസ്റ്റേഴ്സ് ഓഫ് കൊൽസലാത്ത സഭാംഗമായ സി.ഫാബിയോള ഫാബ്രിയക്ക് ആദരവുമായി കെസിബിസി മീഡിയ കമ്മീഷൻ.ഇറ്റലിയിലെ ഫ്ളോറൻസിൽ ജനിച്ച സിസ്റ്റർ ഫാബിയോള ഫാബ്രി മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി 1996ലാണ് ഇന്ത്യയിലെത്തുന്നത്. നിരാലംബരായവർക്ക് തന്റെ മിഷൻ പ്രവർത്തനങ്ങളിലൂടെ സിസ്റ്റർ നല്കിയ സംഭാവനകൾ വലുതാണ്. 2005ലാണ് ഫോർട്ട് കൊച്ചിയിൽ എട്ട് കുട്ടികളുമായി ആശ്വാസ ഭവൻ ആരംഭിക്കുന്നത്.അനാഥരായ കുഞ്ഞുകളുടെ അമ്മയും അപ്പനുമെല്ലാം സിസ്റ്റർ തന്നെയാണ്. എട്ട് പേരിൽ നിന്നും ആരംഭിച്ച ആശ്വാസ ഭവനിൽ ഇന്ന് 80 കുട്ടികളാണുള്ളത്. ഇവരുടെയെല്ലാം വിദ്യാഭ്യാസവും ,വിവാഹവും എല്ലാം മാതാപിതാക്കളുടെ സ്ഥാനത്ത് നിന്ന് സിസ്റ്റർ നടത്തി കൊടുക്കുന്നു. ആശ്വാസ ഭവനിലെ 6 പേരുടെ വിവാഹമാണ് ഇതുവരെ നടന്നത്. 5 സിസ്റ്റേഴസ് ഉൾപ്പെടെ 23 സ്റ്റാഫുകളും ആശ്വാസ ഭവനിൽ സിസ്റ്ററിനെ സഹായിക്കാനുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങളിലെ മികവിന് ആലപ്പുഴ രൂപതയുടെ പുരസ്കാരമടക്കം നിരവധി പുരസ്കാരങ്ങളും സിസ്റ്ററിനെ തേടിയെത്തിയിട്ടുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ മറ്റുള്ളവർക്ക് വലിയ സന്ദേശം നല്കുന്നതിനാലാണ് കെസിബിസി മീഡിയ കമ്മീഷൻ സിസ്റ്റർ ഫാബിയോള ഫാബ്രിയെ ആദരിച്ചത്. പാലാരിവട്ടം പി.ഒ.സിയിൽ നടക്കുന്ന ചടങ്ങിൽ കെസിബിസി മീഡിയ കമ്മീഷൻ ചെയർമാൻ മാർ ജോസഫ് പാംപ്ലാനി സിസ്റ്ററിനെ ആദരിച്ചു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ.ജേക്കബ് ജെ പാലയ്ക്കപ്പിള്ളി, ജോൺ പോൾ,ഫാ.ഏബ്രഹാം ഇരിമ്പിനിക്കൽ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.






# ട്രിനിറ്റാ ഷോർട്ട് ഫിലിം ഫെസ്റ്റ്: ജോൺ ജേക്കബിന് അവാർഡ്

കെസിബിസി മീഡിയ കമ്മീഷന്റെ നേതൃത്വത്തിൽ തുടർച്ചയായയ രണ്ടാം വർഷവും നടത്തി വരുന്ന ട്രിനിറ്റാ ഷോർട്ട് ഫിലിമിന് മികച്ച പിന്തുണയാണ് ലഭിക്കുന്നത്. 2020 – 2021 ന്നിലെ ട്രിനിറ്റാ ഫിലിം ഫെസ്റ്റിൽ 57 ഷോർട്ട് ഫിലിമുകളും 10 ഡോക്യൂമെന്ററികളുമാണ് ലഭിച്ചത്. പ്രശസ്ത തിരക്കഥാക്കൃത്ത് ജോൺ പോളിന്റെ നേതൃത്വത്തിലുള്ള വിദഗ്ധ ജൂറിയുടെ പാനലാണ് പുര്സകാര നിർണയം നടത്തിയത്.ജോൺ ജേക്കബ് കഥ എഴുതി സംവിധാനം ചെയ്ത ദല മർമ്മരം പോലെയാണ് മികച്ച ഡോക്യുമെന്ററി.ഷോർട്ട് ഫിലിം വിഭാഗത്തിൽ ബെൽസ് ഓഫ് ഹങ്കർ, റെയർ ബേർഡ്സ്, ഡോക്യുമെന്ററി വിഭാഗത്തിൽ രാമൻ തേടുന്ന പെരുവഴിയമ്പലം, ജംസ് ഫ്രം ദി ജിറ്റോസ് എന്നിവയ്ക്ക് സർട്ടിഫിക്കറ്റും, ഫലകവും നൽകി.



വീഡിയോ ക്യു ആർ കോഡ്





K C B C MEDIA COMMISSION
KERALA CATHOLIC BISHOPS' COUNCIL'S
KCBC
MEDIA AWARD
KCBC MEDIA COMMISSION
POC, KOCHI
30ാമത്
കെ സി ബി സി
മാധ്യമ
അവാർഡ്
2020 - 2021
മാധ്യമ അവാർഡ്
സന്തോഷ് ജോർജ് കുളങ്ങര
സാഹിത്യ അവാർഡ്
പ്രൊഫ്. എസ്. ജോസഫ്
യുവ പ്രതിഭ അവാർഡ്
കമാൻഡർ അഭിലാഷ് ടോമി
ദാർശനിക വൈജ്ഞാനിക അവാർഡ്
ഡോ. പയസ് മലേക്കണ്ടത്തിൽ
ഗുരുപൂജ പുരസ്കാരം
കെ.ജി ജോർജ്ജ്
സി.ഡോ.വിനീത CSST
ആന്റണി പുത്തൂർ ചാത്യത്ത്
ടോമി ഈപ്പൻ
19 DECEMBER, 2021, SUNDAY, 5PM
POC, PALARIVATTOM, KOCHI
KCBC MEDIA
www.kcbcmediacommission.com
ICON MEDIA ONLINE
KCBC MEDIA
KCBC MEDIA
kcbcmediacom
KCBC NEWS
www.kcbcnews.com



# നിങ്ങളും ഞങ്ങളുമല്ല, 'നമ്മൾ' ആകണം നാം

ആന്റണി ചടയംമുറി

**വാർത്ത**

ഇന്ത്യയിൽ ക്രൈസ്തവർക്കു നേരെയുള്ള ആക്രമണങ്ങൾ പെരുകുന്നതായി റിപ്പോർട്ട്. കഴിഞ്ഞ 273 (2021 ഒക്ടോബർ 20 വരെയുള്ള കണക്കാണിത് ) ദിവസങ്ങളിൽ ക്രൈസ്തവർക്കു നേരെ 305 ആക്രമണങ്ങളുണ്ടായി. അതായത് ഒരു ദിവസം ഒന്നിലേറെ അക്രമങ്ങൾ.

2021 ജനുവരിയിൽ 37 ഉം ഫെബ്രുവരിയിൽ 20 ഉം ആക്രമണങ്ങളുണ്ടായി. ഇതേ വർഷം തന്നെ മാർച്ച് 27, ഏപ്രിൽ 27, ജൂൺ 20, ജൂലൈ 33, ഓഗസ്റ്റ് 50, സെപ്തബർ 69 എന്നിങ്ങനെയാണ് അക്രമ സംഭവങ്ങളുടെ മാസം തിരിച്ചുള്ള കണക്ക്.


കഴിഞ്ഞ ഒമ്പതു മാസങ്ങൾക്കുള്ളിൽ ഉത്തർപ്രദേശ്, ഛത്തീസ്ഗഢ്, ജാർഖണ്ഡ്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ മാത്രം 169 അക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തു. ഇതേ കാലയളവിൽ കർണ്ണാടകയിൽ 32 ഇടങ്ങളിൽ ക്രൈസ്തവർ ആക്രമിക്കപ്പെട്ടു. ഈ സംഭവങ്ങളിൽ 1331 സ്ത്രീകൾക്ക് പരുക്കേറ്റു. ആക്രമണങ്ങൾക്ക് ഇരയായവരിൽ 588 പേർ ആദിവാസികളും 513 പേർ ദളിതരുമാണ്.

എട്ടു മാസങ്ങൾക്കുള്ളിൽ 300 ആൾക്കൂട്ട ആക്രമണങ്ങൾ ക്രൈസ്തവർക്കു നേരെയുണ്ടായി. 28 സ്ഥലങ്ങളിൽ ക്രൈസ്തവ ആരാധനാലയങ്ങൾ തകർക്കപ്പെട്ടു.

**ചിന്ത**

നിങ്ങളും ഞങ്ങളും മാറി 'നമ്മൾ' വരുന്നതിനെയാണ് സാഹോദര്യം എന്നു പറയുക. മതം, ജാതി, ഭാഷ, വേഷം, ആഹാരം, കലാരൂപം, ആചാരം, അനുഷ്ഠാനം തുടങ്ങിയവയിലൊക്കെ തമ്മിൽത്തമ്മിൽ എന്തൊക്കെ വ്യത്യാസങ്ങളുണ്ടെങ്കിലും 'നമ്മൾ' ഒരു സമൂഹമാണ്, ഒരു ജനതയാണ്, ഒരു രാഷ്ട്രമാണ് എന്ന അടിസ്ഥാന സങ്കല്പം ഉണ്ടെങ്കിലേ ആ ലക്ഷ്യത്തിലേക്ക് മുന്നേറാൻ കഴിയൂ.

**എം.എൻ. കാരശ്ശേരി**
(ജീവധാര 2021 ജൂൺ ലക്കം)




## സഭയെ അറിയാൻ
## നല്ല വിശ്വാസിയായി ജീവിക്കാൻ
## കെ.സി.ബി.സി. ഐക്കൺ മീഡിയ ഓൺലൈനിൽ

## 3 പ്രതിവാര പഠന പരിപാടികൾ സംപ്രേക്ഷണം ചെയ്തുവരുന്നു...

അവതരണം : ബ്രദർ തോമസ് പോൾ കൊടിയൻ

- വ്യാഴാഴ്ചകളിൽ
  കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പഠനപരമ്പര
- വെള്ളിയാഴ്ചകളിൽ സുവർണ്ണകണ്ണികൾ
  സഭാപിതാക്കന്മാരുടെ വചന വ്യാഖ്യാനപരമ്പര
- ഞായറാഴ്ചകളിൽ ക്രിസ്തു ജീവിക്കുന്നു
  യുവജനങ്ങൾക്കായുള്ള അപ്പസ്തോലികാഹ്വാനത്തെക്കുറിച്ചുള്ള വിവരണം

തുടക്കം മുതലുള്ള എപ്പിസോഡുകൾ കാണാൻ

**Play list:**
**scan QR code**

RN 55178/94
Total Pages 32 Date of Publication 14-11-2021

KCBC MEDIA COMMISSION

# SOL
## SIGN OF LOVE
Catholic Teachings in Indian Sign Language

കത്തോലിക്കാ സഭയുടെ പ്രബോധനങ്ങൾ, വത്തിക്കാൻ വാർത്തകൾ, മാർപ്പാപ്പയുടെ സന്ദേശം ഇവ ഇന്ത്യൻ സൈൻ ഭാഷയിൽ ആദ്യമായി കെ സി ബി സി മീഡിയ കമ്മീഷന്റെ ഐക്കൺ മീഡിയ ഓൺലൈൻ ചാനലിലൂടെ അവതരിപ്പിക്കുന്നു.

ICON MEDIA ONLINE

KCBC NEWS
www.kcbcnews.com

www.kcbcmediacommission.com ICON MEDIA ONLINE KCBC MEDIA KCBC MEDIA kcbcmediacom KCBC NEWS www.kcbcnews.com

Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.